


## മുഖക്കുറിപ്പ്

പമ്പ പരിരക്ഷണ സമിതിയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ സംഭവ ബഹുലമെന്നതോടൊപ്പം പമ്പ നദീസംരക്ഷണം സംബന്ധിച്ച വലിയ വഴിത്തിരിവിനും ഇട യാക്കിയിട്ടുണ്ട്.

പമ്പനദിയിലെ ജൈവസംരക്ഷണം ലക്ഷ്യമിട്ട് ജൈവ വൈവിദ്ധ്യ ബോർഡ് കേന്ദ്രസർക്കാരിന് ഒരു പദ്ധതി തയ്യാറാക്കി നല്കിയതിലും, പത്തനംതിട്ട ജില്ലയിലെ 16 പഞ്ചായത്തുകളിലെ മാലിന്യനിർമ്മാർജ്ജനത്തിന് ജില്ലാ അധികൃതർ തയ്യാറാക്കിയ പദ്ധ തിയിലും നിർണ്ണായകമായ പങ്കാളിത്തം പമ്പാപരിരക്ഷണ സമി തിക്കു വഹിക്കാനായിട്ടുണ്ട്. നീർത്തടവികസന പദ്ധതികൾ ആവി ഷ്ക്കരിച്ച് തൊഴിലുറപ്പു പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കു വാനുള്ള നടപടികളിലും സംഘടനയ്ക്ക് ഇടപെടാനായിട്ടുണ്ട്.

പരിസ്ഥിതി വകുപ്പിന്റെ സഹകരണത്തോടെ 2012 ജൂലൈ 7-ാം തീയതി നടത്തിയ നദകളുടെയും - കായലുകളു ടേയും സംരക്ഷണം എന്ന വിഷയത്തിന്മേലുള്ള ശില്പശാല അതീവ ശ്രദ്ധേയവും കാലികവുമായിരുന്നു. തുടർന്ന് 2012 നവം.19, ഡിസംബർ 25 എന്നീ തീയതികളിൽ പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ് ശ്രീ.ടി.കെ.എ.നായരുടെ സാന്നിദ്ധ്യത്തിലും മാർഗ്ഗ നിർദ്ദേശത്തിലും നടത്തിയ കൂട്ടായ്മയും ഏറെ ഫലവത്തായിരു ന്നു. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സി.വൈസ് പ്രസിഡന്റ്. ശ്രീ.ഡോ.വി.എൻ.രാജശേഖരൻ പിള്ള, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ കെ.സജീവൻ ജൈവവൈവിദ്ധ്യ ബോർഡ് ചെയർമാൻ, ഡോ. ഉമ്മൻ വി.ഉമ്മൻ, മെമ്പർ സെക്രട്ടറി ഡോ.കെ.പി.ലാലാദാസ് എന്നി വരുടെ സാന്നിദ്ധ്യവും നദീ സംരക്ഷണ കൂട്ടായ്മയ്ക്ക് കരുത്തു പകർന്ന തായിരുന്നു.

2013 ജനുവരി 5ന് ചെങ്ങന്നൂരിൽ വൈ.എം.സി.എ ഹാളിൽ ചെങ്ങന്നൂർ ഫെസ്റ്റിന്റെ സഹകരണത്തോടെ ആലപ്പുഴ ജില്ലയിലെ മുൻസിപാലിറ്റി / പഞ്ചായത്ത് അദ്ധ്യക്ഷന്മാർക്കും, അംഗങ്ങൾക്കും, വിവിധ വകുപ്പുതലഉദ്യോഗസ്ഥർക്കും വേണ്ടി സംഘടിപ്പിച്ച വിപുലമായ ശില്പശാലയിലും നമ്മുടെ സംഘടന യുടെ പങ്കാളിത്തം മികച്ചതായിരുന്നു. നാം സംഘടിപ്പിച്ച മറ്റു പ്രധാന പരിപാടികളിൽ പത്തനംതിട്ട ജില്ലാകളക്ടർ വി.എസ്സ്. ജിതേന്ദ്രൻ, ആലപ്പുഴ ജില്ലാ കളക്ടർ പി.വേണുഗോപാൽ, ജൈവ വൈവിദ്ധ്യ ബോർഡു മെമ്പർ സെക്രട്ടറി ഡോ.കെ.പി.ലാലാദാ സ്, പരിസ്ഥിതി വകുപ്പ് അഡീ.സെക്രട്ടറി ജി.രാജീവ് എന്നിവരെ യെല്ലാം പങ്കെടുപ്പിക്കുവാനും നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും അവസരമുണ്ടായി. നിരന്തരമായ പ്രവർത്തനങ്ങളുടെ ഒരു വർഷ മാണ് കടന്നുപോയത്. പല പ്രാവശ്യം സംസ്ഥാന ഭരണാധികാരി കളും, ജില്ലാ ഭരണാധികരികളുമായി സംവദിക്കാനവസരമൊരുങ്ങി. അധികൃതർ അർഹിക്കുന്ന ഗൗരവത്തോടെ നമ്മുടെ അഭിപ്രാ യങ്ങൾ പരിഗണിക്കുകയുണ്ടായി.

സംഘടനാപരമായും സാമ്പത്തികമായും ഉള്ള പരി മിതികളിലും സംഘടനയുടെ യശസ്സ് ഉയർത്തിപ്പിടിക്കുന്ന പ്രവർത്തനങ്ങൾക്കു നമുക്കായിട്ടുണ്ട്. പക്ഷേ 2011ൽ മൂന്ന് ന്യൂസിലെറ്ററുകൾ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിരുന്നെങ്കി ലും, ഈ വർഷം ന്യൂസ് ലെറ്ററുകളൊന്നും പ്രസിദ്ധീകരി ക്കുവാൻ കൃത്യാന്തരബാഹുല്യത്താൽ നമുക്ക് കഴിഞ്ഞിട്ടി ല്ല. വായനക്കാർ ക്ഷമിക്കണമെന്ന പേക്ഷിക്കുന്നു.

സമിതിയുടെ പ്രവർത്തനങ്ങളിൽ സാന്നിദ്ധ്യം കൊണ്ട് സഹകരിച്ച മുഴുവൻ പേർക്കും കൃതജ്ഞതയർപ്പി ക്കുന്നു.സ്ഥലപരിമിതിമൂലം പ്രധാനപ്പെട്ട വാർത്തകൾ മാത്രമേ ഈ ന്യൂസ് ലറ്ററിലിടംപിടിച്ചിട്ടുള്ളൂ. ക്ഷമിക്കുമല്ലോ!

സമീപകാലത്തു നമ്മെ വിട്ടു പിരിഞ്ഞ സമിതി നിർവ്വാഹക സമിതിയംഗം ശ്രീ.പുലിക്കാട് ദിവാകരൻ (പുല്ലാട്) ശ്രീ. സി.എസ്സ്. ടൈറ്റസ് (വടശ്ശേരിക്കര) എന്നിവർക്ക് ആദരാ ഞ്ജലികളർപ്പിക്കുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളിൽ പമ്പാ നദിയുടെ പുനരുജ്ജീവനം ആഗ്രഹിക്കുന്ന എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

പുതുവത്സരാശംസകളോടെ,

പൂവത്തൂർ — എൻ.കെ.സുകുമാരൻ നായർ
15 - 01 - 2013 — (ജന.സെക്രട്ടറി)

## ലേഖനം

### മണലൊഴിയുന്ന പമ്പ

പുണ്യനദിയെന്നു പ്രകീർത്തിക്കപ്പെട്ട പമ്പാനദി ഇന്ന് മജ്ജയും മാസവും ഇല്ലാത്ത തോട് (അസ്ഥി പഞ്ജരം) ആയി മാറിയിരിക്കുന്നു. പമ്പാനദിയുടെ ഏറ്റവും മനോഹര ദൃശ്യമായിരുന്ന പമ്പാനദിയുടെ ആറന്മുള ഭാഗം നിബിഡമായ മണൽപ്പരപ്പും തീരങ്ങളിൽ ഇടതൂർന്ന വൃക്ഷലതാദികളും ഇന്ന് ഓരോർമ്മയായിമാറി. ആറന്മുള ജലോത്സവം നടക്കുന്ന 'ആറ ന്മുള നട്ടായം' ഇന്ന് വെറും ചെളിക്കുണ്ടായി മാറിയിരിക്കന്നു. ആറന്മുള ക്ഷേത്ര ദർശനത്തിനെത്തിയിരുന്ന ഭക്തർ നദിയിൽ മുങ്ങിക്കുളിച്ചു തീർത്ഥമായി കരുതി പ്രാർത്ഥനയോട്കൂടി കുടിച്ചിരുന്ന പമ്പാ ജലം ഇപ്പോൾ മാലിന്യസ്രോതസ്സായി. ശബ രിഗിരി ജലവൈദ്യുതി പദ്ധതിയിൽ നിന്നും വരുന്ന അവശിഷ്ട ജലം ഒഴുകിവരുന്നതുകൊണ്ട് ജലസാന്നിദ്ധ്യം ഇല്ലാതായിട്ടില്ല.

കേരളത്തിലെ 44 നദികളിൽ നീളം കൊണ്ട് മൂന്നാം സ്ഥാനത്തുള്ള പമ്പാനദി മദ്ധ്യതിരുവിതാംകൂറിന്റെ സാമൂഹ്യ, ആദ്ധ്യാത്മിക- സാമ്പത്തിക മേഖലകളിൽ ചെലുത്തുന്ന സ്വാധീനം നിസ്സീമമാണ്. ആറന്മുളയ്ക്ക് ആ പേര് ലഭിച്ചത് 'ആറിൻ വിളൈ' എന്ന പേര് ലോപിച്ചാണ് എന്ന് 'തിരുനി ഴൽ മാല' എന്ന തമിഴ് സഹിത്യകൃതിയിൽ പറയുന്നു. പമ്പാ നദിയിൽ കൂടി ഒഴുകിവന്ന എക്കൽ മണ്ണ് അടിഞ്ഞ് ഫലഭൂയി ഷ്ഠമായി വിശാലമായ ഭൂപ്രദേശമാണ് ആറന്മുളയിലും ചുറ്റു പാടിലുമുണ്ടായിരുന്നത്. പമ്പാ തീരത്ത് ഒട്ടനവധി ക്ഷേത്ര ങ്ങളും ആരാധാനാലയങ്ങളും ഉണ്ടെങ്കിലും പമ്പാ നദിയുമായി ബന്ധപ്പെട്ട് ഐതിഹ്യവും ചരിത്രവും ആറന്മുള ശ്രീപാർത്ഥ സാരഥി ക്ഷേത്രത്തിനു മാത്രമാണുള്ളത്. പമ്പാനദിയുടെ വിവിധ ഭാഗങ്ങളിൽ വള്ളം കളികൾ നടക്കാറുണ്ടെങ്കിലും ആറന്മുള ഉതൃട്ടാതി ജലമേളക്കുമാത്രമാണ് ക്ഷേത്രത്തിന്റെ ആചാരാനു

ഷ്ഠാനങ്ങളുടെ ഭാഗമാക്കാനായത്. ഒരു കാലത്ത് 28 കരക്കാരെ പ്രതിനിധികരിച്ച് 28 ചുണ്ടൻവള്ളങ്ങളായിരുന്നു ആറന്മുള ഉത്യട്ടാതി ജലമേളയിൽ പങ്കെടുത്തിരുന്നതെങ്കിൽ ഇപ്പോൾ 50 ചുണ്ടൻ വള്ളങ്ങൾ പങ്കെടുക്കുന്നു. ആറന്മുളയുടെ പ്രസദ്ധി ലോകമെമ്പാടും എത്തുകയും ചെയ്തു.

പക്ഷെ ഇപ്പോൾ ആറന്മുളഭാഗത്ത് പമ്പാനദിയുടെ അവശിഷ്ടം മാത്രമാണ് കാണുവാൻ കഴിയുന്നത്. വിനോദ സഞ്ചാര കേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ട ആറന്മുളയിൽ പമ്പാനദിയുടെ മനോഹാരിത നഷ്ടപ്പെട്ടു കഴിഞ്ഞു. ഇപ്പോൾ ചതുപ്പുനിറഞ്ഞ ഒരു തോടായി പമ്പാനദി രൂപപ്പെട്ടത് ദക്ഷിണഗംഗ എന്നു വിശേഷിക്കപ്പെടുന്ന പമ്പാനദിയുടെ സംസ്കൃതിയിൽ അഭിമാനം കൊള്ളുന്ന ഏവരേയും ഞെട്ടിപ്പിക്കുന്ന തരത്തിലുമാണത്.

പമ്പാനദിയുടെ തകർച്ചയ്ക്ക് ആക്കം കൂട്ടിയത്, പമ്പാനദിയിലുടനീളം നടന്ന അശാസ്ത്രീയവും, അനധികൃതവുമായ മണൽ ഖനനവും, അശാസ്ത്രീയ നിർമ്മാണ പ്രവർത്തനങ്ങളുമാണ്.

പമ്പാനദിയിലെ അമിത തോതിലുള്ള മണൽ ഖനനം നദിയുടെ കഥകഴിക്കുമെന്ന് പമ്പാപരിരക്ഷണ സമിതി ശാസ്ത്രീയമായ കണക്കുകളുടേയും വിശകലനങ്ങളുടേയും അടിസ്ഥാനത്തിൽ 1993 മുതലെ മുന്നറിയിപ്പുകൾ നൽകിയിരുന്നു. 1993 ലും 94 ലും ആറന്മുള ഉത്യട്ടാതി ജലമേള അലങ്കോലപ്പെടുവാനിടയായത് നദിയിലുടനീളം നടന്ന മണൽ ഖനനം മൂലം നദിയുടെ ഗതിയും ഘടനയും വ്യതിചലിച്ചതുമൂലമാണ്. പമ്പാപരിരക്ഷണ സമിതിയുടെ നിരന്തരമായ പ്രക്ഷോഭത്തെ തുടർന്ന് 1995 ഏപ്രിൽ ഒന്നുമുതൽ ചെറുകോൽപ്പുഴ മുതൽ കിഴവറ കടവുവരെയുള്ള 6 $^{1}/_{2}$ കിലോമീറ്റർ ദൂരത്തിൽ രണ്ടുവർഷത്തേക്കു ജില്ലാഭരണകൂടം മണൽഖനനം പൂർണ്ണമായി നിരോധിച്ചിരുന്നു. അന്ന് പത്തനംതിട്ട ജില്ലാ കളക്ടറായിരുന്ന ശ്രീമതി. കെ.ബി.വത്സലാകുമാരിയും അടൂർ ആർഡി ഓ ആയിരുന്ന ശ്രീ.കെ.വി.മോഹൻ കുമാറും (ഇപ്പോൾ കോഴിക്കോടു ജില്ലാ കളക്ടർ) ഈ നിരോധനം കർശനമായി നടപ്പിലാക്കുവാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തിരുന്നു. കേരളത്തിൽ ആദ്യമായി മണൽഖനന പ്രശ്നത്തിൽ ഗവൺമെന്റ് ഫലപ്രദമായി ഇടപ്പെട്ടത് ഇവിടെയാണ്. പക്ഷെ ആ നിരോധനം തൊഴിലാളി സംഘടനകളുടെ ശക്തമായ പ്രക്ഷോഭണത്തെ തുടർന്ന് 8 മാസത്തിനുശേഷം ചില കർക്കശമായ ഉപാധികളോടെ പിൻവലിക്കപ്പെട്ടു. ആദ്യവർഷങ്ങളിൽ ഉപാധികളും നിയന്ത്രണങ്ങളും പാലിക്കുന്നതിൽ തൊഴിലാളി സംഘടനകളും രാഷ്ട്രീയ പാർട്ടികളും സഹകരിച്ചിരുന്നുവെങ്കിലും പിന്നീട് നിയന്ത്രണങ്ങളെല്ലാം ലംഘിച്ചുകൊണ്ട് രാപ്പകൽ നദികളിലുടനീളം മണൽ ഖനനം നടത്തിയതിന്റെ ഫലമാണ് ഇപ്പോൾ കാണുന്നത്.

ആറന്മുള ജലോത്സവം സുഗമമായി നടത്തുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ ആറന്മുളയിൽ നടത്തിയ പ്രവർത്തനങ്ങളെല്ലാം തന്നെ നദിയുടെ നാശത്തിന് ആക്കം കൂട്ടി. യാതൊരു ശാസ്ത്രീയ പഠനവും കൂടാതെ ഡ്രഡ്ജർ ഉപയോഗിച്ച് 1998 ൽ ആറന്മുളയിൽ നദി കുളം തോണ്ടിയതാണ് നദിക്കേറ്റ ഏറ്റവും വലിയശാപം. കൂടാതെ നീരൊഴുക്കിന്റെ വിസ്തൃതി ഗണ്യമായി കുറച്ചുക്കൊണ്ട് ഇരുവശങ്ങളിലും നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ (നടത്തിയവർക്കും നടത്തിപ്പിച്ചവർക്കും പ്രയോജനമുണ്ടായിരിക്കാം)- നദിയ്ക്കേൽപ്പിച്ച പരുക്കുകൾ അപരിഹാര്യമാണ്. നദിയിലെ നീരൊഴുക്കിന്റെ വിസ്തൃതി കുറഞ്ഞപ്പോൾ വർഷകാലത്ത് ഗതിവേഗം കൂടുകയും അടിത്തട്ടിലെ മണലെല്ലാം ഒഴുകി പോകുകയും ചെയ്തു. പമ്പാനദിയുടെ അടിത്തട്ട് പൂർണ്ണമായി ചെളിക്കുണ്ടായിക്കഴിഞ്ഞു.

ആറന്മുള ജലമേള നടക്കുന്നതിന് മുകൾഭാഗത്തുണ്ടായിരുന്ന നാറാണത്തു മണൽപ്പുറം പൂർണ്ണമായി നീക്കം ചെയ്യപ്പെട്ടത് നദിക്കേറ്റ മറ്റൊരു ആഘാതം കൂടിയായിരുന്നു. നിബിഡമായ മണൽ ശേഖരം ഒരു സ്വാഭാവിക തടയണയായി വെള്ളത്തെ തടഞ്ഞുനിർത്തുകയും നീരൊഴുക്കിനെ ക്രമപ്പെടുത്തുകയും ചെയ്തിരുന്നു.

15-20 അടിഘനത്തിലുണ്ടായിരുന്ന മണൽ ശേഖരം പൂർണ്ണമായി വാരിതീർത്തു. നദിയിലുടനീളം ജലത്തെ സംഭരിക്കുന്നതിനും ജല വിതാനം ഉയർത്തിനിർത്തുന്നതിനും ഇരു കരകളിലേക്കും വ്യാപിപ്പിക്കുന്നതിനും നദിയിലെ മണൽ ശേഖരത്തിനു കഴിയുമായിരുന്നു. ഇപ്പോൾ എവിടെയെങ്കിലും മണൽ അവശേഷിച്ചിട്ടുണ്ടെങ്കിൽ അതും ഒരു ദയാദാക്ഷിണ്യവും കൂടാതെ വാരിതീർക്കുകയാണ്. ആറ്റുമണൽ നദിയെ സംബന്ധിച്ചിടത്തോളം നദിയുടെ 'മജ്ജയും മാംസവു'മാണ്. മണലില്ലാത്ത നദികൾ വെറും തോടുകൾ (Skeleton) മാത്രമാണ്.

ഇളം ചൂടുമാറാത്ത മണൽപ്പുറവും, ഇളം കാറ്റ് നിലക്കാത്ത തീരവുമായിരുന്നു പണ്ട് പമ്പാനദിയുടെ സവിശേഷതകളെങ്കിൽ നിലക്കാത്ത ദുർഗന്ധവും, അതിരുകളില്ലാത്ത ചള്ളപ്പരപ്പുകളുമാണ് ഇപ്പോൾ പുണ്യനദിയുടെ പ്രത്യേകത. കോഴഞ്ചേരി വരെയും പമ്പാ നദിയുടെ അടിത്തട്ട് സമുദ്രനിരപ്പിൽ നിന്നു താഴെയായി. വേനൽക്കാലങ്ങളിൽ നീരൊഴുക്കുനിലച്ച വെള്ളക്കെട്ടുകളായി മാറി പമ്പാനദി.

നദികളിലെ മണൽവാരൽ ശാസ്ത്രീയമായി ക്രമീകരിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും 2001-ൽ അംഗീകരിച്ച കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം, 2002 ഏപ്രിൽ മുതൽ കേരളത്തിൽ നടപ്പിലായി. പക്ഷെ ഈ നിയമം ലംഘിക്കുന്നതിൽ രാഷ്ട്രീയക്കാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ജനപ്രതിനിധികളും ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നു. അപൂർവ്വം ചിലർ നിയമം പാലിക്കുന്നതിൽ ശ്രദ്ധിക്കുന്നുണ്ടെങ്കിലും അവർക്ക് ആവശ്യമായ പിന്തുണ ലഭിക്കുന്നില്ലെന്നുള്ളതാണ് സത്യം. ജലനിരപ്പിനു താഴെ മണൽ ഖനനം യാതൊരു കാരണവശാലും അനുവദനീയമല്ലെന്ന് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം സംസ്ഥാന മുഖ്യമന്ത്രിക്ക് നിർദ്ദേശം നല്കിയിരുന്നെങ്കിലും ഇവിടാരും അതുപരിഗണിച്ചിട്ടില്ല. 2012 ഫെബ്രുവരി 27 ന് ബഹു. സുപ്രീംകോടതി നദികളിൽ നിന്നു മണൽഖനനത്തിനു വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ഇന്നു സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ പരിസ്ഥിതി പ്രശ്നം നാടിന്റെ ജീവനാഡി (Life line)യായ നദികളുടെ നാശവും അതിനോടനുബന്ധിച്ച് ജലവ്യവസ്ഥയിലുണ്ടായ (Hydrolic Regime)തകർച്ചയുമാണ്. നദികളുടെ പാരിസ്ഥിതി പുനഃസ്ഥാപിക്കുന്നതിനു നിലവിലുള്ള നിയമങ്ങൾ നടപ്പിലാക്കുന്നതിനു പോലും മുഖ്യമന്ത്രിയുടെ ചുമതലയിലുള്ള പരിസ്ഥിതി വകുപ്പ് യാതൊരു നടപടിയും എടുക്കുന്നില്ല എന്നുള്ളത് വളരെ പ്രതിഷേധാർഹമാണ്.

പമ്പാനദിയുടെ പനരുജ്ജീവനത്തിനു ലക്ഷ്യമിട്ട് 2003 ൽ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം അനുവദിച്ച പമ്പാ ആക്ഷൻ പ്ലാൻ അട്ടിമറിക്കുന്നതിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ബാദ്ധ്യതപ്പെട്ടവർ തന്നെ പരിശ്രമിച്ചു.

2008 ൽ സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും അംഗീകരിച്ച കുട്ടനാട് പാക്കേജിൽ പമ്പാ ആക്ഷൻ പ്ലാൻ മൂന്നുവർഷത്തിനുള്ളിലും, സമാനപദ്ധതികളാവിഷ്ക്കരിച്ച്,

കുട്ടനാട്ടിലെക്കെത്തുന്ന അച്ചൻകോവിൽ, മണിമല, മീനച്ചിൽ എന്നീ നദികളും അഞ്ചുവർഷത്തിനുള്ളിലും മാലിന്യ വിമുക്തമാക്കി പുനഃരുജ്ജീവിപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പക്ഷെ ഇക്കാര്യങ്ങളൊന്നും ശ്രദ്ധിക്കുവാൻ ഭരണകർത്താക്കൾക്കാർക്കും സമയവും സൗകര്യവുമില്ല. കുടിവെള്ളത്തിനു നെട്ടോട്ടം ഓടുമ്പോൾ പോലും സ്വാഭാവിക ജലസ്രോതസ്സുകൾ ഇല്ലാതാക്കുവാനുള്ള അന്വേഷണവും, പ്രവർത്തനങ്ങളുമാണ് സാർവ്വത്രികമായി കാണുന്നത്.

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലുള്ള 40 ലക്ഷത്തോളം ജനങ്ങൾ പമ്പാനദിയിലെ വെള്ളം അവരുടെ നിത്യോപയോഗത്തിനാവശ്യയിക്കുന്നതായി കണക്കാക്കുന്നു. ഈ നദിയെ പുനരുജ്ജീവിപ്പിച്ച് മാലിന്യ വിമുക്തമാക്കേണ്ടത് മദ്ധ്യതിരുവിതാം കൂറിൽ മാനവ സംസ്കാരം നിലനിൽക്കണമെന്നാഗ്രഹിക്കുന്ന ഏവരുടേയും ധർമ്മമാണ്. പമ്പാനദിയുടെ ഇപ്പോഴത്തെ ദുരാവസ്ഥ മുതലാക്കി പരമാവധി സ്വകാര്യലാഭം ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിൽ യഥാർത്ഥ ആറ്റുമണൽ അല്പം എങ്കിലും അവശേഷിച്ചിട്ടുള്ളത് പമ്പാ നദിയിൽ കുറിയന്നൂരിനും റാന്നിയ്ക്കും ഇടയ്ക്കുള്ള ഭാഗങ്ങളിൽ മാത്രമാണ്. ഇവകൊള്ളയടിക്കുന്നതിനുള്ള ആസൂത്രിത ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

മദ്ധ്യതിരുവിതാംകൂറിൽ വളർന്നു വരുന്ന 'ശവപ്പെട്ടി സംസ്കാരം' ഇവിടെയും കാണാം. പമ്പാനദിയുടെ കൈവഴികളെന്നു വിശേഷിപ്പിക്കാവുന്ന ഒട്ടനവധി ജലസ്രേതസ്സുകളും നാമാവശ്ശേഷമായി. റാന്നി വലിയതോട്, കോഴിത്തോട്, വരട്ടാർ, കുട്ടംപേരൂർ ആർ, അരീത്തോട്ട്, കോലറയാർ തുടങ്ങി അടുത്തകാലം വരെയും ജലസമൃദ്ധമായിരുന്ന ജലസ്രോതസ്സുകൾ ഇല്ലാതായിക്കഴിഞ്ഞു. ഇതേ ദുരവസ്ഥ പമ്പാനദിക്കും ഉണ്ടാകരുതേ എന്നാണ് പ്രാർത്ഥന. നദിയെക്കാർന്നുതിന്നുന്നതിന് കഴുകനെ പ്പോലെ വട്ടം ഇട്ടുനിൽക്കുന്ന രാഷ്ട്രീയ, ഉദ്യോഗസ്ഥ കൂട്ടുകെട്ട് ഇപ്പോൾ ശക്തി പ്രാപിച്ചിരിക്കുന്നു. ഒരു ലിറ്റർ വെള്ളത്തിന് 15 രൂപ മുതൽ കൊടുക്കേണ്ടിവരുന്ന സാധാരണ ജനങ്ങൾ നിസ്സാഹായരായി നിസ്സംഗരായി നിൽക്കുകയും ചെയ്യുന്നു.

മദ്ധ്യതിരുവിതാംകൂറിനെ ചൈതന്യധന്യമാക്കിയിരുന്ന പുണ്യ നദിയായ പാപനാശിനിയായ പമ്പയുടെ ജീവനെങ്കിലും നിലനിർത്താൻ നമ്മൾക്കു ശ്രമിക്കാം. അത് ഇവിടുത്തെ ഭാവിതലമുറയോടു നമ്മൾക്കു ചെയ്യാവുന്ന ഏറ്റവും വലിയസത്കർമ്മമായിരിക്കും.

എൻ.കെ.സുകുമാരൻ നായർ

***<u>സന്ദർശന ഡയറി – പരിസ്ഥിതി വിജ്ഞാനകേന്ദ്രം</u>***

പമ്പാപരിരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിലുള്ള പരസ്ഥിതി വിജ്ഞാനകേന്ദ്രം സന്ദർശിച്ച പ്രശസ്ത വ്യക്തികൾ.

11.02.12 - ആർ.കമലഹാർ ഐ.എഫ്.എസ്.(ഡി.എഫ്.ഒ., റാന്നി.)

11.02.12 - പ്രൊഫ. ബിജു എബ്രഹാം,ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ്, ക്രിസ്ത്യൻ കോളേജ്, ചെങ്ങന്നൂർ

04.5.12 - കെ.സി.നാരായണൻ, ചീഫ് എഡിറ്റർ, ഭാഷാപോഷിണി, മലയാള മനോരമ, എൻ.എസ്.മാധവൻ,I.A.S (Retd)(കഥാകൃത്ത്)

23.05.12 - പി.വേണുഗോപാൽ ഐ.എ.എസ്, ജില്ലാ കളക്ടർ, പത്തനംതിട്ട

23.05.12 - വർഗ്ഗീസ്.സി.തോമസ്, ചീഫ് സബ് എഡിറ്റർ, മലയാള മനോരമ, കോട്ടയം

05.09.12 - രാജേഷ് ജി.പിള്ള, ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ജനം ടി.വി.

03.10.12 - ഡോ.ഉമ്മൻ വി.ഉമ്മൻ, ചെയർമാൻ കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്

10.11.12 - ശ്രീ.വി.എൻ.ജിതേന്ദ്രൻ ഐ.എ.എസ്., ജില്ലാ കളക്ടർ, പത്തനംതിട്ട.

25.11.12 - ഡോ.കെ.പി.ലാലാദാസ്, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്.

## <u>പമ്പാ പരിരക്ഷണ സമിതിയെക്കുറിച്ചുള്ള പ്രമുഖ വ്യക്തികളുടെ അഭിപ്രായങ്ങൾ</u>

**1. അഡ്വ. എസ്.ജിതേഷ് (വരയരങ്ങ് പത്തനംതിട്ട)**

മരമായിരുന്നു ഞാൻ പണ്ടൊരു
മഹാനദിക്കരയിൽ...
നദിയുടെ പേരു ഞാൻ മറന്നുപോയി...
നൈലോ...യൂഫ്രട്ടീസോ യാങ്റ്റ്സിയോ യമുനയോ
നദികൾക്കെന്നെക്കാളുമോർമ്മ കാണുമമവർ
കഴലിൽ ചിറകുള്ള സഞ്ചാരപ്രിയർ.

പമ്പാ നദിക്ക് തണലായി ഒരു ഹരിതക്കുട ചൂടി നിൽക്കുകയാണ് പമ്പാപരിരക്ഷണ സമിതിയും പരിസ്ഥിതി പ്രവർത്തനരംഗത്തെ വടവൃക്ഷമായ എൻ.കെ.സുകുമാരൻ നായർ സാറും സുസ്ഥിര വികസനത്തിനുവേണ്ടി നിലകൊള്ളുന്ന അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കും ആശംസകൾ.

ഇവിടെ വരുവാനും അദ്ദേഹത്തിന്റെ പുസ്തശേഖരം കാണുവാനും കഴിഞ്ഞതിൽ ഏറെ സന്തോഷം.

**2. എൻ.എസ്.മാധവൻ (പ്രമുഖ കഥാകൃത്ത്)**

ശ്രീ.സുകുമാരൻ നായരുടെ മുഖത്തു നിന്ന് പമ്പയെയും അത് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ പറ്റി കേട്ടത് വളരെ ചിന്തിപ്പിച്ചിരുന്നു. ഇത്രയും സമയവും ജീവിതവും നദിയ്ക്കു വേണ്ടി ചെലവഴിക്കുന്ന ഈ സംഘടനയെ അടുത്തറിയുവാൻ സാധിച്ചതിൽ സന്തോഷിക്കുന്നു.

3. **കെ.സി.നാരായണൻ (ചീഫ് എഡിറ്റർ ഭാഷാപോഷിണി)**

ശ്രീ.സുകുമാരൻ നായരുടെ പ്രവർത്തനങ്ങളുടെ പ്രാധാന്യം ഏറെയാണ്. ശബരിമലയിലെ മലനിർമ്മാർജ്ജനപ്രശ്നത്തെപ്പറ്റി പഠിക്കാൻ ഞാൻ വീണ്ടും വന്നു കൊള്ളാം.

4. **ഡോ. ഉമ്മൻ വി. ഉമ്മൻ (ചെയർമാൻ ജൈവവൈവിദ്ധ്യ ബോർഡ്)**

It was a pleasure for me to visit this great **Temple on Pampa** and to witnes the activities carried out by the Samrakshana Samithi. I complement and congratulate the vision and mission of this organisation under the leadership of Sri.N.K. Sukumaran Nair and wish that the dreams on Pampa be translated into action so that the Holy River Pampa flows continuously to give life to the millions of species in and around including all of us.

## <u>പമ്പാനദികർമ്മപദ്ധതി IV</u>

**ശില്പശാല – 2013 ജനുവരി 5**

**<u>തിരുവല്ലാ മുൻസിപ്പൽഹാൾ 10.30 a.m. – 1.30 p.m.</u>**

പത്തനംതിട്ട ജില്ലയിലെ പമ്പാതീരത്തുള്ള 16 ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരുടേയും സെക്രട്ടറിമാരുടേയും യോഗം ജില്ലാകളക്ടറുടെ നേതൃത്വത്തിൽ വിളിച്ചു ചേർത്തു. 10.30 മുതൽ ഉച്ചയ്ക്ക് 1.40 വരെ നടന്ന ശില്പശാ

ലയിൽ ശ്രീ.റ്റി.കെ.എ.നായർ, ജില്ലാകളക്ടർ ശ്രീ.വി.എൻ.ജിതേന്ദ്രൻ എന്നിവർ ആദ്യാവസാനം പങ്കെടുത്തു. ഡോ.എബി ജോർജ്ജ്, നീർത്തട വികസനത്തെക്കുറിച്ചും, ശ്രീ.എൻ.പി.ചിത്തർ മാലിന്യനിർമ്മാർജ്ജനത്തെക്കുറിച്ചും ക്ലാസ്സുകൾ എടുത്തു.

പമ്പാനദിയുടെ പുനരുജ്ജീവനത്തിനായി ജില്ലാകളക്ടർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ വിശദീകരിച്ചു.

1. പമ്പാ നദിയിലേക്കുള്ള മാലിന്യപ്രവാഹം തടയുവാനുള്ള പദ്ധതികൾ.
2. നദിയിലെ നീരൊഴുക്കുവർദ്ധിപ്പിക്കുവാനുള്ള നദീതട വിക സന പദ്ധതികൾ
3. നദികളുടെ തീരങ്ങൾ സംരക്ഷിക്കുവാനുള്ള ജൈവസംരക്ഷണ പദ്ധതികൾ.
4. ജനപങ്കാളിത്തത്തോടെയുള്ള പരിസ്ഥിതി ബോധവത്ക്കരണ പ്രവർത്തനങ്ങളും മോണിട്ടറിംഗ് സംവിധാനങ്ങളും.
5. പമ്പാ കർമ്മപദ്ധതിപോലെ ദീർഘകാല വലിയ പദ്ധതികൾ.

പുഴകൾ സംസ്ക്കാരത്തിന്റെ ഭാഗമാണ്. പമ്പയെ പുനരുജ്ജീവിപ്പിച്ചു തിരിച്ചുകൊണ്ടുവരുവാനുള്ള ബാദ്ധ്യത നമുക്കുണ്ട്. സംസ്ഥാന സർക്കാരിന്റേയും ശുചിത്വ മിഷന്റേയും, ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടേയും സാമ്പത്തിക സൗകര്യം പ്രയോജനപ്പെട്ടുത്തി പമ്പയെ പുനരുദ്ധരിക്കുവാൻ സമഗ്രമായ പദ്ധതി ചുരുങ്ങിയ സമയത്തിനുള്ളിൽ നടപ്പിൽ വരുത്തണം. പഞ്ചായത്തുകൾ ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കിയാൽ സമൂഹം പൂർണ്ണമായും ഈ വഴിക്കു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ഇടയാകും. **ഒറ്റ ലക്ഷ്യം പമ്പയുടെ പുനരുജ്ജീവനം. ''എന്റെ പുഴയെ ഞാൻ സംരക്ഷിക്കും''** ഇതായിരിക്കും മുദ്രാവാക്യം.

തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു.

ചർച്ചകൾക്കു മറുപടി ശ്രീ.റ്റി.കെ.എ.നായർ പറഞ്ഞു. പമ്പാ നദിയെ പുനരുജ്ജീവിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുക്കണം. സദസിൽ കൂടുതലും വനിതാ പ്രാതിനിധ്യം ഉണ്ടായത് നല്ല ലക്ഷണമാണെന്നും, വെള്ളത്തിന്റെ പ്രാധാന്യം സ്ത്രീകൾക്കാണ് നന്നായി മനസ്സിലാകുന്നതെന്നും അദ്ദേഹം സൂചിപ്പിച്ചു. നദികളെക്കുറിച്ചുള്ള അവബോധം സമൂഹത്തിനുണ്ടാകണം നദിയിൽ നീരൊഴുക്കു വർദ്ധിപ്പിക്കണം. ഓരോ വീട്ടിലേയും മാലിന്യങ്ങൾ അവരവർ തന്നെ സംസ്ക്കരിക്കണം.

പമ്പാ നദിതീരത്ത് മാലിന്യം ഉല്പാദിപ്പിക്കുന്ന വ്യവസായശാലകൾ ഇല്ല. വലിയ പദ്ധതികൾ പ്രതീക്ഷിച്ചിരിക്കാതെ പ്രദേശത്തിനനുയോജ്യമായ ചെറിയ പദ്ധതികൾ പഞ്ചായത്തുകൾ നടപ്പിലാക്കണം. ഭാവിതലമുറക്കും കൂടി ജല ലഭ്യത ഉറപ്പുവരുത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ ഉത്തരവാദിത്വം ഉണ്ട്. പമ്പാനദിയിൽ നീരൊഴുക്കുവർദ്ധിപ്പിക്കുവാൻ നദിയിലേക്കെത്തിച്ചേരുന്ന തോടുകൾ പുരുജ്ജീവിപ്പിക്കണം അതിനനുയോജ്യമായ ജലസംരക്ഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കണം. ഇന്നുനേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് പമ്പാനദിയെ പുനരുദ്ധരിച്ച് നമ്മുടെ കടമ നിറവേറ്റണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സഹായങ്ങൾ സംസ്ഥാന, കേന്ദ്രഗവൺമെന്റുകളിൽ നിന്ന് ലഭ്യമാണ്. പ്രബുദ്ധമായ ഈ സദസ്സ് പമ്പയുടെ പുനരുജ്ജീവനം സാദ്ധ്യമാക്കുന്നതിന് പ്രവർത്തിക്കും എന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. സാധ്യമായ എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു.

ജില്ലാ ദാരിദ്ര്യ ലഘൂകരണ വകുപ്പിലേയും, ജില്ലാ ശുചിത്വമിഷനിലേയും ഉദ്യോഗസ്ഥന്മാർ യോഗത്തിൽ പങ്കെടുത്തു. പമ്പാ പരിരക്ഷണ സമിതിയെ പ്രതിനിധീകരിച്ച് വൈസ് പ്രസിഡന്റ് പ്രൊഫ. എം.വി.എസ്സ് നമ്പൂതിരി പ്രസംഗിച്ചു

## പമ്പാ ദർശനം

2013 ജനുവരി 4-ാം പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ് ശ്രീ. റ്റി.കെ.നായർ സാറിനോടൊപ്പം പമ്പാനദിയുടെ ഇന്നത്തെ ദുരവസ്ഥകാണുവാൻ അയിരൂർ, ആറന്മുളഭാഗങ്ങളിൽ വള്ളത്തിൽ സഞ്ചരിക്കുവാനിടയായി. പമ്പയിൽ കുളിച്ചുവളർന്ന നായർ

**പരിസ്ഥിതി ബോധവത്ക്കരണം : പമ്പാനദീതടത്തിലെ ജൈവവൈവിധ്യ സംരക്ഷണം – ഏകദിന ശില്പശാല 10–11–12**

ഇന്ന് നാം സ്വീകരിച്ചിരിക്കുന്ന വികസന മാതൃകകൾ തുടർന്നാൽ ലോകത്തിലെ ജീവ സാന്നിദ്ധ്യം തന്നെ തുടച്ചു നീക്കപ്പെടാൻ സാദ്ധ്യതയുണ്ടെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ വി.എൻ.ജിതേന്ദ്രൻ. പാശ്ചാത്യർ 15-ാം നൂറ്റാണ്ടിൽ പ്രകൃതിയെ ചൂഷണം ചെയ്ത് വികസിപ്പിച്ച വ്യവസായ മാതൃകകളാണ് ഇപ്പോഴും നാം കൊണ്ടുനടക്കുന്നത്. മണ്ണ്, വെള്ളം, നദികൾ, വനങ്ങൾ എന്നിവ സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ കൊണ്ടുമാത്രമേ ഭാവിയിൽ ജനങ്ങൾക്ക് നിലനിൽക്കാൻ കഴിയൂ. സങ്കീർണ്ണമായ പ്രകൃതിയിൽ അറിവില്ലായ്മ കൊണ്ടുള്ള ഇടപെടൽ സമൂഹത്തിന് ഒരുപാട് ദോഷങ്ങൾ വരുത്തിവെച്ചു കഴിഞ്ഞു. പ്രകൃതി ചൂഷണത്തെക്കുറിച്ച് ജനങ്ങൾ ജാഗരൂഗരായെങ്കിൽ മാത്രമേ പ്രകൃതിയെ സംരക്ഷിക്കുവാൻ കഴിയൂ. ജനിതക സമ്പത്ത് ഉണ്ടെങ്കിൽ മാത്രമേ പ്രകൃതിയുടെ സന്തുലനാവസ്ഥ നിലനിർത്താൻ കഴിയുകയുള്ളൂ. അതിനായി നമ്മളുടെ നാടിനെക്കുറിച്ചും ചുറ്റുപാടിനെക്കുറിച്ചും അറിയുവാൻ വിദ്യാർത്ഥികൾ തയ്യാറാകണമെന്ന് അദ്ദേഹം തുടർന്നു പറഞ്ഞു.

ദേശീയ പരിസ്ഥിതി ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി പമ്പാ പരിരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ പൂവത്തൂർ പരിസ്ഥിതി വിജ്ഞാന കേന്ദ്രത്തിൽ പമ്പാ നദീതടത്തിലെ ജൈവവൈവിധ്യ സംരക്ഷണമെന്ന വിഷയത്തെക്കുറിച്ചുള്ള ശില്പശാല ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കോയിപ്രം ബ്ലോക്കു പഞ്ചായത്തു വൈസ് പ്രസിഡന്റ് പ്രൊഫ.പി.സി.തോമസ് അദ്ധ്യക്ഷനായിരുന്നു. സംസ്ഥാന പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറി ജി.രാജീവ്, പത്തനംതിട്ട സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ പി.ബി. ഓമനക്കുട്ടൻ, ചെങ്ങന്നൂർ ക്രസ്ത്യൻ കോളേജ് ബോട്ടണി വിഭാഗം തലവൻ പ്രൊഫ. തോമസ് പി.തോമസ്, ഡോ. കെ.എൻ.പി. കുറുപ്പ്, പ്രൊഫ. എം.വി.എസ് നമ്പൂതിരി, കെ. ആർ വിനയചന്ദ്രൻ നായർ, അഡ്വ. പി.കെ.ബാബു എന്നിവർ പ്രസംഗിച്ചു. ഇടയാറന്മുള എ.എം.എം. ഹയർസെക്കണ്ടറി സ്കൂൾ എൻ.എസ്.എസ്.യൂണിറ്റ് തയ്യാറാക്കിയ പമ്പാ നദീതീര സസ്യജാലങ്ങളുടെ രജിസ്റ്ററും റിപ്പോർട്ടും കോ-ഓർഡിനേറ്റർ വർഗീസ് മാത്യു തരകൻ, പമ്പാ പരിരക്ഷണ സമിതി പ്രസിഡന്റ് റ്റി.എൻ. രാമകൃഷ്ണക്കുറുപ്പിന് കൈമാറി. സമിതി ജനറൽ സെക്രട്ടറി എൻ.കെ.സുകുമാരൻ നായർ സ്വാഗതവും പമ്പാ ഇക്കോക്ലബ്ബ് പ്രസിഡന്റ് രേഷ്മ മുരളി കൃതജ്ഞതയും പറഞ്ഞു.

പൂവത്തൂർ
10-11-2012

എൻ.കെ.സുകുമാരൻ നായർ

സാറിന് ഇപ്പോഴത്തെ പമ്പയുടെ സ്ഥിതി കണ്ടപ്പോൾ വിശ്വസിക്കുവാനായില്ല. നദിയിലെ നീരൊഴുക്ക് ശോഷിച്ചതും, നദിയുടെ അടിത്തട്ടിൽ നിന്ന് ജല സസ്യങ്ങൾ വ്യാപകമായി വളർന്നു വരുന്നതും അദ്ദേഹം ശ്രദ്ധിച്ചു. ആറന്മുള ഭാഗത്തുകണ്ട **കബംബയുടെ** വ്യാപനം അദ്ദേഹത്തെ അതിശയിപ്പിക്കുകതന്നെ ചെയ്തു. വാട്ടർസ്റ്റേഡിയം എന്ന വ്യാജേന പമ്പാനദിയുടെ ഇരുകരകളിലും നടത്തിയ അശാസ്ത്രീയ നിർമ്മാണ പ്രവർത്തികളെക്കുറിച്ച് അദ്ദേഹം അന്വേഷിച്ചു.

ധാരാളം മണൽ ശേഖരമുണ്ടെന്നു തോന്നിക്കുന്ന ചെറുകോൽപ്പുഴ മണൽപ്പുറത്തു വളർന്നു വരുന്ന പുൽത്തിട്ടകൾ നദിയുടെ അവസാനനാളുകളെ സൂചിപ്പിക്കുന്നു. ഇതിന്റെ വളർച്ചയെക്കുറിച്ച് അദ്ദേഹം ആകാംക്ഷയോടെ ചോദിച്ചു. മണൽമാറി ചെളിയായ പ്രദേശങ്ങളിലൊക്കെ പുല്ലുകളും ചെടികളും വളരുകയും പിന്നീട് പുൽത്തിട്ടകളായി രൂപം കൊള്ളുകയും ചെയ്യും. രണ്ടു ദശാബ്ദത്തിനു മുൻപു തന്നെ പമ്പാ പരിരക്ഷണസമിതി ഇങ്ങനെ ഒരു ദുരവസ്ഥ ഉണ്ടാകുമെന്നു മുന്നറിയിപ്പുനൽകിയെങ്കിലും അന്ന് അത് ആരും മുഖവിലക്കെടുത്തില്ല. നദിയുടെ തകർച്ച ഇത്ര ഭയാനകമാണെന്ന് താൻ സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ലന്ന് അദ്ദേഹം പറഞ്ഞു. ഇപ്പോൾ നദിയിൽ കുളിക്കുവാനും വസ്ത്രങ്ങൾ അലക്കുവാനും ആരെയും കാണുന്നില്ലെന്നുള്ളതും അദ്ദേഹത്തിനെ അത് അത്ഭുതപ്പെടുത്തി.

പ്രകൃതിവിഭവങ്ങൾ ഒരിക്കൽ ഇല്ലാതാക്കിയാൽ അവ പുനർജനിപ്പിക്കുവാൻ പ്രയാസമാണ്. നദിയുടെ ഭാവി ദുരന്തങ്ങളിലേക്കാണ് വഴി തുറക്കുന്നത്. പമ്പാ നദിയെ അടിയന്തിരമായി പുനർജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

എൻ.കെ.സുകുമാരൻ നായർ

## നദീ സംരക്ഷണ ശില്പശാല – V

**ചെങ്ങന്നൂർ വൈ.എം.സി.എ ഹാൾ 5-01-2013, 2.30 – 5.00 p.m.**

പമ്പാപരിരക്ഷണ സമിതിയുടേയും ചെങ്ങന്നൂർ ഫെസ്റ്റിന്റേയും ആഭിമുഖ്യത്തിൽ നദീസംരക്ഷണ 'കർമ്മപദ്ധതി ശില്പശാല' 2013 ജനുവരി 5-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് രണ്ടര മുതൽ 5 മണിവരെ ചെങ്ങന്നൂർ വൈ.എം.സി.എ. ഹാളിൽ നടന്നു. ശ്രീ.റ്റി.കെ.എ.നായർ മുഖ്യ അതിഥിയായിരുന്നു. ശ്രീ.പി.സി. വിഷ്ണുനാഥ് എം.എൽ.എ. അദ്ധ്യക്ഷത വഹിച്ചു. സമിതി ജന. സെക്രട്ടറി എൻ.കെ.സുകുമാരൻ നായർ ആമുഖ പ്രഭാഷണം നടത്തി. ജില്ലാകളക്ടർ ശ്രീ.പി.വേണുഗോപാൽ ഐ.എ.എസ്. ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഡോ.കെ.പി.ലാലാദാസ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ.ബോബി ചെറിയാൻ, ചെങ്ങന്നൂർ മുൻസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ശോഭാ വർഗ്ഗീസ് പഞ്ചായത്ത് പ്രസിഡന്റുമാരായ, ശ്രീ. ബാഹുലേയൻ (ആലാ), ഷീലാ ആർ നായർ (തിരുവൻ വണ്ടൂർ) വത്സലാ മോഹനൻ (പാണ്ടനാട്) ശോഭാ.ആർ. നായർ (ചെന്നിത്തല) തുടങ്ങി ജനപ്രതിനിധികളും ശ്രീ.തോമസ് കുതിരവട്ടം Ex. M.P. പ്രൊഫ.എം.വി.എസ്. നമ്പൂതിരി (വരട്ടാർ), ശ്രീ.പി.എം. മാധവൻ കുട്ടി നായർ( കുട്ടംപേരൂർ ആർ), ശ്രീ.വി.എസ്സ്. ഗോപാലകൃഷ്ണൻ നായർ (ഉത്രപ്പള്ളി ആർ) എന്നിവരും പ്രസംഗിച്ചു. ശ്രീ.പി.വി.ജോൺ സ്വാഗതവും, ശ്രീ.ബോധിനി പ്രഭാകരൻപിള്ള കൃതജ്ഞതയും പറഞ്ഞു. സാമൂഹ്യ രാഷ്ട്രീയ പരിസ്ഥിതി പ്രവർത്തകരും ജനപ്രതിനിധികളുമായി 150ഓളം ആളുകൾ ആദ്യാവസാനം യോഗത്തിൽ പങ്കെടുത്തു.

പൊതുയോഗത്തിനുശേഷം, ജില്ലാകളക്ടറും, എം.എൽ.എ.യും സമിതി ജനറൽ സെക്രട്ടറിയും പങ്കെടുത്ത ഉദ്യോഗസ്ഥന്മാരുടേയും ജനപ്രതിനിധികളുടേയും യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

കുട്ടംപേരൂർ ആറിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ജനുവരി 15 ന് ആരംഭിച്ച് മാർച്ച് 31ന് പൂർത്തീകരിക്കണം. നദിയുടെ സർവ്വേയും അന്ന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. **ഇനിമേലിൽ നദികൾ നശിക്കുന്ന ഒരു പ്രവർത്തിയും ഉണ്ടാകുവാൻ പാടില്ല. കയ്യേറ്റം അനുവദിക്കില്ല. വായു, വെള്ളം, മണ്ണ്, മലിനീകരിക്കാതെ സംരക്ഷിക്കും.**

## കാഴ്ചപ്പാട്

### ശബരിമല – പരിസ്ഥിതി സൗഹൃദവികസനം നടപ്പിലാക്കണം

ശബരിമലയിലെ പരിസ്ഥിതി സംരക്ഷണത്തിനു സംസ്ഥാന, കേന്ദ്രസർക്കാർ നല്കുന്ന സാമ്പത്തിക സഹായം ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. 2011-12 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പരിസ്ഥിതി വകുപ്പിന് ശബരിമലയിലെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുവേണ്ടി 5 കോടിരൂപാ വകയിരുത്തിയിരുന്നു.

പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് തീർത്ഥാടകരുടെ സംരക്ഷണം ഉറപ്പു വരുത്തുകയാണ് ലക്ഷ്യം. മാലിന്യനിർമ്മാർജ്ജനത്തിനായി സമഗ്രമായ പദ്ധതികൾ നടപ്പിലാക്കി ശബരിമലയെ ലോകോത്തരതീർത്ഥാടന കേന്ദ്രമാക്കി മാറ്റുകയാണ് ലക്ഷ്യമായി ബഡ്ജറ്റിൽ രേഖപ്പെടുത്തിയിരുന്നത്. ശബരിമലയിലെ മാലിന്യനിർമ്മാർജ്ജനം വഴി പമ്പാനദിയിലെ ജല ഗുണനിലവാരം ഉയർത്തുകയാണ് പ്രധാനഉദ്ദേശം.

ജല വിതരണം കാര്യക്ഷമമാക്കുകയും വികസിപ്പിക്കുകയും, സ്വീവേജ് നെറ്റ് വർക്കും, സ്വീവേജ് ട്രീറ്റ്മെന്റ്പ്ലാന്റും പൂർത്തിയാക്കുക. കുളിപ്പടവുകളുടേയും മറ്റും അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക ചെലവുകൾക്കാണ് 2011-12 വർഷത്തേക്ക് സംസ്ഥാന ഗവൺമെന്റ് 5 കോടി രൂപാ നീക്കി വച്ചിരുന്നത്. 2012-13 വർഷത്തെ ബഡ്ജറ്റിൽ 25 കോടി രൂപയും തുടർപ്രവർത്തനങ്ങൾക്കുവേണ്ടി വകയിരുത്തിയിരുന്നു. പക്ഷെ ബഡ്ജറ്റു നിർദ്ദേശാനുസരണം ശബരിലയിലെ പരിസ്ഥിതി സംരക്ഷണാർത്ഥം ഒരു പരിപാടിയും ആരംഭിക്കുവാൻ സംസ്ഥാന ഗവൺമെന്റിനോ ദേവസ്വം ബോർഡിനോ കഴിഞ്ഞിട്ടില്ല.

ദേവസ്വം ബോർഡ് 'സീറോവേയ്റ്റ് മാനേജ്മെന്റി'ന്റെ ഭാഗമായി വാഹനങ്ങളും മറ്റു സാധനസാമഗ്രികളും വാങ്ങിക്കുന്നതിനായി അഞ്ചുകോടി രൂപയുടെ നിർദ്ദേശങ്ങൾ 2012 മാർച്ചിൽ സംസ്ഥാന സർക്കാരിനു സമർപ്പിക്കുകയുണ്ടായി. ഈ നിർദ്ദേശങ്ങളിൽ ശബരിമലയുമായി ബന്ധപ്പെട്ട പരിസ്ഥിതി സംരക്ഷണത്തിനു കാര്യമായ നിർദ്ദേശങ്ങളൊന്നും തന്നെയില്ലായിരുന്നു.

2012 മാർച്ചിൽ അഞ്ചുകോടി രൂപ പത്തനംതിട്ട ജില്ലാകളക്ടർ അദ്ധ്യക്ഷനായുള്ള 'ശബരിമല സാനിറ്റേഷൻ സൊസൈറ്റി'ക്ക് കൈമാറുകയുണ്ടായി. അന്നത്തെ കളക്ടർ ദേവസ്വം ബോർഡും, മറ്റു ബന്ധപ്പെട്ട സർക്കാർ വകുപ്പുദ്യോഗസ്ഥന്മാരുമായി കൂടിയാലോചിച്ച് ചില പ്രായോഗിക നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. പക്ഷെ സംസ്ഥാന ദേവസ്വം സെക്രട്ടറിയുടെ ഇടപെടലിനെ തുടർന്ന് ചർച്ചകൾ അവസാനിപ്പിച്ചു. പിന്നീടൊന്നും നടന്നതുമില്ല.

ശബരിമല മാസ്റ്റർ പ്ലാനിനെക്കുറിച്ചും, പമ്പാനദിയുടെ മാലിന്യനിർമ്മാർജ്ജനത്തെക്കുറിച്ചും പ്രസാതാവനകളും പ്രഖ്യാപനങ്ങളും ഒട്ടനവധി നടക്കുന്നുണ്ടെങ്കിലും മാലിന്യനിർമ്മാർജ്ജനത്തിനും, ജലക്ഷാമം പരിഹരിക്കുന്നതിനും വളരെ ഏറെ ദൂരം യാത്രചെയ്തുവരുന്ന അയ്യപ്പൻമാർക്ക് ആശ്വാസകരമായി വിശ്രമ സൗകര്യം ഒരുക്കുന്നതിനും യാതൊരു നടപടികളും ഉണ്ടാകുന്നില്ലന്നുള്ളത് പ്രതിഷേധാർഹമാണ്. സ്വീവേജ് ട്രീറ്റ് മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിന് ഇടതുപക്ഷ സർക്കാർ അനുവദിച്ച 29 കോടി രൂപയും, മാലിന്യനിർമ്മാർജ്ജനത്തിനായി യു.ഡി.എഫ് സർക്കാർ അനുവദിച്ച 30 കോടിരൂപയും ഫലപ്രദമായി ഉപയോഗിക്കപ്പെട്ടിട്ടില്ല. ഇത് ശബരിമലയുമായി ബന്ധപ്പെട്ട ഒരു പരിസ്ഥിതി സൗഹാർദ്ദനിലപാടെക്കുന്നതിൽ ദേവസ്വം ബോർഡിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും കുറ്റകരമായ അലംഭാവമാണ് കാണിക്കുന്നത്. ശബരിമലയിലേയും പമ്പയിലേയും അനിവാര്യ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം 'പമ്പാ ആക്ഷൻ പ്ലാനി'ൽ ഉൾപ്പെടുത്തി 18.45 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം 2003 ൽ നൽകിയെങ്കിലും അതിലുൾപ്പെട്ട മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

തീർത്ഥാടന കാലത്ത് ഉല്പാദിക്കപ്പെടുന്ന ഖരമാലിന്യങ്ങളെല്ലാം തീർത്ഥാടന പാതകളിൽ നിന്ന് ഇപ്പോൾ നീക്കെ ചെയ്യപ്പെടുന്നുണ്ടെങ്കിലും ഭൂരിഭാഗവും സംസ്ക്കരിക്കാതെ ഒഴിഞ്ഞ സ്ഥലങ്ങളിൽ നിക്ഷേപിക്കപ്പെടുകയാണ്. ഇവ മഴക്കാലത്ത് ചീഞ്ഞളിഞ്ഞ് പമ്പാനദിയിലേക്കു എത്തിച്ചേരും. ദ്രവമാലിന്യങ്ങളെല്ലാം തന്നെ പലവഴികളിൽ കൂടി ആത്യന്തികമായി പമ്പാനദിയിലേക്കു തന്നെ എത്തിച്ചേരുന്നു. ജലസ്രോതസ്സുകളിലേക്ക് മാലിന്യം നിക്ഷേപിക്കുന്നത് 1974ലെ ജലനിയമ (Water Act) ത്തിലേയും 1986ലെ പരിസ്ഥിതി നിയമത്തിലേയും വിവിധ വകുപ്പുകളനുസരിച്ച് ശിക്ഷാർഹമായ കുറ്റമാണ്. ഈ മാലിന്യങ്ങളെല്ലാം പേറി കുട്ടനാട്ടിലൂടെ വേമ്പനാട്ടുകായൽ വരെ ഒഴുകുന്ന പമ്പാനദീജലം 40 ലക്ഷത്തോളം ജനമെങ്കിലും നിത്യോപയോഗത്തിനാശ്രയിക്കുന്നു. 18ഓളം ഗ്രാമീണ കുടിവെള്ള പദ്ധതികൾ പമ്പയിൽ സ്ഥാപിച്ചിട്ടുണ്ട്. മണലൊഴിഞ്ഞ പമ്പയിൽ നിന്ന് വിതരണം ചെയ്യപ്പെടുന്ന കുടിവെള്ളത്തിൽ 'ക്ലോറിനൈസേഷൻ' അല്ലാതെ മറ്റൊര ശുദ്ധീകരണ പ്രക്രിയയും നടക്കുന്നില്ല. മദ്ധ്യതിരവിതാം കൂറിൽ ഒരു 'ആശുപത്രി സംസ്ക്കാരം' വളരുന്നതിന് പമ്പാനദിയിലെ ജല മലിനീകരണം മുഖ്യ ഘടകമാണ്. ശബരിമല തീർത്ഥാടകർക്കുവേണ്ടി, മെഡിക്കൽ കോളേജുകളും, സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രി സമുച്ചയങ്ങളും നിർമ്മിക്കുവാൻ വെമ്പൽ കൊള്ളുന്ന ജനപ്രതിനിധികളും, ഭരണകർത്താക്കളും തീർത്ഥാടകർക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിനും നിയമാനുസൃത പരിസ്ഥിതി സംരക്ഷണത്തിനും യാതൊരു പ്രാധാന്യവും നൽകുന്നില്ല. ജനങ്ങൾക്കു ശുദ്ധ ജലം നൽകുന്നതിനുള്ള അനിവാര്യ ബാദ്ധ്യത ഭരണഘടനയുടെ 21-ാം വകുപ്പനുസരിച്ച് സംസ്ഥാന ഭരണകൂടത്തിനുണ്ട്. 21-ാം വകുപ്പനുസരിച്ചു ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതുണ്ട്. ശുദ്ധജലവും ശുദ്ധവായുവും നൽകാതെ ജീവിക്കുവാനും കഴിയുകയില്ല. ജലസ്രോതസ്സുകളെ മാലിന്യവിമുക്തമാക്കി സംരക്ഷിക്കുവാനുളള ഭരണ ഘടനാബാദ്ധ്യത നിറവേറ്റുന്നതിൽ സംസ്ഥാന ഭരണകൂടം ഇവിടെ ദയനീയമായി പരാജയപ്പെടുകയാണ്.

ശബരിമലയുടേയും പമ്പാനദിയുടേയും പരിസ്ഥിതി സംരക്ഷിക്കുന്നതിനായി 1998 ലെ നിയമസഭാ പരിസ്ഥിതി കമ്മറ്റി തയ്യാറാക്കിയ ശബരിമല മാസ്റ്റർ പ്ലാനും, ജസ്റ്റിസ് ചന്ദ്രശേഖരമേനോന്റെ ശബരിമല റിപ്പോർട്ടും 2003 ൽ അനുവദിക്കപ്പെട്ട പമ്പാ ആക്ഷൻ പ്ലാനും, തുടർന്ന് മാറിമാറിവന്ന സംസ്ഥാന സർക്കാരുകളുടെ ബഡ്ജറ്റു നിർദ്ദേശങ്ങളും ഒന്നും നടപ്പിലാക്കുവാൻ ബന്ധപ്പെട്ടവർ കൂട്ടാക്കാത്തത് ദുരൂഹമായിരിക്കുന്നു. ഇക്കാര്യങ്ങൾ നടപ്പിലാക്കുവാൻ മടികാണിക്കുന്ന ദേവസ്വം ബോർഡിനെക്കൊണ്ടു ചെയ്യിപ്പിക്കുവാൻ സംസ്ഥാന സർക്കാർ ഇച്ഛാശക്തികാണിക്കേണ്ട അവസരം അതിക്രമച്ചിരിക്കുന്നു.

ഒരു 'കാനന ക്ഷേത്ര'മെന്ന നിലയിൽ ശബരിമല ക്ഷേത്രത്തിന്റെ പരിപാവനത നിലനിർത്തിക്കൊണ്ട്, അവിടുത്തെ പരിസ്ഥിതിയുടെ സ്വാഭാവികത നഷ്ടപ്പെടുത്താതെ, ശബരിമലയിൽ എത്തുന്ന തീർത്ഥാടകൾക്ക് ചെയ്തുകൊടുക്കാവുന്ന സൗകര്യങ്ങളൊരുക്കുന്ന വിസകനമാണ് ദേവസ്വം ബോർഡും സംസ്ഥാന സർക്കാരും ചെയ്യേണ്ടത്. ശബരിമലയിൽ വന്നുചേരുന്ന ഭക്തജനങ്ങൾക്ക് കുറഞ്ഞ പക്ഷം പ്രാഥമിക സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടത് ദേവസ്വം ബോർഡിന്റേയും സംസ്ഥാന സർക്കാരിന്റേയും ബാദ്ധ്യതയാണ്. അനിയന്ത്രിതമായ മാലിന്യങ്ങളുടെ കുത്തൊഴുക്ക് കാരണം പുണ്യനദിയായി പ്രകീർത്തിക്കപ്പെടുന്ന പമ്പാനദി മറ്റൊരു 'കാളിന്ദി നദി'യായി മാറിയിരിക്കുന്നു. പമ്പാനദിയുടെ ഉത്ഭവ സ്ഥാനത്തു തന്നെ ഇത്രയധികം മാലിന്യം കലരുന്നത് പമ്പാ ജലം ഉപയോഗിക്കുന്ന ലക്ഷക്കണക്കിന് ആളുകളുടെ ആരോഗ്യത്തെ ഗുരുതരമായി ബാധിച്ചു കൊണ്ടിരിക്കുന്നു. പമ്പാ നദിയിൽ കലരുന്ന മാലിന്യ തോത് അപായ സൂചികകൾ പിന്നിട്ടിട്ട് വർഷങ്ങളേറെയായി.

പമ്പയിലെ തിക്കും തിരക്കും ഒഴിവാക്കുന്നതിനും, നദിയെ മാലിന്യ വിമുക്തമാക്കുവാനും ലക്ഷ്യമിട്ടാണ് നിലക്കലിൽ 250 ഏക്കർ ഭൂമി ദേവസ്വം ബോർഡിനു 2005ൽ കൈമാറിയത്. നിലയ്ക്കൽ ഇടത്താവളമായി വികസിപ്പിക്കുകയും പമ്പയിൽ ഉള്ള വിപണനകേന്ദ്രവും ഹോട്ടലുകളും ശൗചാലയങ്ങളും ക്രമേണ നിലയ്ക്കലിക്കുമാറ്റുകയായിരുന്നു അന്ന് വിഭാവന ചെയ്തിരുന്നത്. അയ്യപ്പന്മാരുടെ ആചാരാനുഷ്ഠാനങ്ങൾക്ക് മാത്രമായി പമ്പാ മണൽപ്പുറം ഉപയോഗക്കണം. പമ്പാ സ്നാനം പുണ്യ സ്നാനമായി കരുതുന്ന അയ്യപ്പന്മാർക്ക് അതിനുള്ള സൗകര്യം ഒരുക്കേണ്ടത് ദേവസ്വംബോർഡിന്റെ കർത്തവ്യമാണ്. പാപനാശിനിയായ പമ്പയിലെ സ്നാനം അയ്യപ്പന്മാരെ പാപവിമുക്തമാക്കുമെന്നു വിശ്വസിക്കുന്നു. പമ്പാ സ്നാനവും, പമ്പാ സദ്യയും, പമ്പാവിളക്കും, പിതൃദർപ്പണവും, പൂജയും, ബലിയും എല്ലാം അയ്യപ്പന്മാർക്ക് പമ്പയിൽ ഒഴിവാക്കുവാൻ പറ്റാത്ത ആചാരാനുഷ്ഠാനങ്ങളാണ്. ഇടത്താവളമായി വികസിപ്പിക്കുന്നതിനു 250 ഏക്കർ സ്ഥലം നിലയ്ക്കലിൽ ലഭ്യമായ ദേവസ്വം ബോർഡു പാർക്കിംഗ് കേന്ദ്രങ്ങളായിട്ടാണ് ഇപ്പോൾ അതുപയോഗിക്കുന്നത്.

നമ്മുടെ നദികളെ പരിപാവന (Sacret) മായിട്ടാണ് നാം കരുതുന്നത്. വെള്ളം, വായു, വനം തുടങ്ങിയ പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുവാനുള്ള ധാർമ്മിക ബാദ്ധ്യത ഭരണഘടനാനുസൃതമായി രൂപീകരിച്ചിട്ടുള്ള ഭരണകൂടത്തിനുണ്ട്. ശബരിമലയിലെ വികസനാവശ്യങ്ങൾക്ക് ദേവസ്വം ബോർഡ് ആവശ്യപ്പെട്ട വനഭൂമി 2005ൽ തന്നെ അവർക്കു നൽകപ്പെട്ടിട്ടുണ്ട്. ഒരു 'കാനന' ക്ഷേത്രമെന്ന നിലയിലുള്ള പരിസ്ഥിതി സൗഹൃദ വികസന കാഴ്ചപ്പാടുണ്ടാക്കുവാൻ ഇനിയും അമാന്തിച്ച കൂടാ.

ശബരിമല പൂങ്കാവനം എന്ന് കരുതപ്പെടുന്ന 18 മലകളും അവയുടെ ആവാസ വ്യവസ്ഥയും പരിരക്ഷിക്കപ്പെടേണ്ടത്

അയ്യപ്പധർമ്മമാണ്. ഏതു വേനൽക്കാലത്തും ലഭ്യമായിരുന്ന ജല സ്രോതസ്സുകളെല്ലാം ഇപ്പോൾ മഴക്കാലം അവസാനിക്കുന്നതോടെ വറ്റി വരളുന്നു. സ്വാഭാവിക വനത്തിന്റെ ശോഷണമാണ് ഇത് സൂചിപ്പിക്കുന്നത്. സസ്യസമ്പുഷ്ടമായ വനമേഖലഖിൽ ഒരിക്കലും വറ്റാത്ത ചതുപ്പുനിലങ്ങളും നീരുറവകളും സുലഭമായിരുന്നു. ഇവയെല്ലാം വറ്റി വരളുന്നത് തീർത്ഥാടകർക്ക് അനല്പമായ ബുദ്ധിമുട്ടുകളാണ് ഇപ്പോൾ ഉണ്ടാക്കുന്നത്. പമ്പയുടെ വൃഷ്ടി പ്രദേശത്തെ വന മേഖലപുഷ്ടിപ്പെടുത്തുകയും നീരുറവകൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്യേണ്ടത് തീർത്ഥാടകരുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനനിവാര്യമാണ്.

ശബരിമലയിലെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും മലിനീകരണം തടയുന്നതിനും സാധിക്കാതെ വരുന്ന സ്ഫോടനാത്മകമായ സ്ഥിതി വിശേഷം ദേവസ്വം ബോർഡും സംസ്ഥാനഗവൺമെന്റും വളരെ ലാഘവബുദ്ധിയോടെയാണ് കൈകാര്യ ചെയ്യുന്നത്. അപകടങ്ങൾ ഉണ്ടാകുമ്പോൾ മാത്രം ഉണർന്നു പ്രവർത്തിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്.

പത്താം കേരള നിയമസഭയുടെ പരിസ്ഥിതി സമിതി (1996 - 98) സംസ്ഥാനത്ത് ലഭ്യമായ എല്ലാ വിദഗ്ധന്മാരുമായി ആഴത്തിൽ ചർച്ച ചെയ്തു തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ യുദ്ധകാലാടിസ്ഥാനത്തിൽ സമയ ബന്ധിതമായി നടപ്പിലാക്കണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്തിരുന്നു.പ്രൊഫ. എ.വി.താമരാക്ഷൻ അദ്ധ്യക്ഷനായ പ്രസ്തുത സമിതിയിൽ വ്യത്യസ്ഥ പാർട്ടികളിലുൾപ്പെട്ട ഒൻപതു നിയമ സഭാംഗങ്ങൾ ഉണ്ടായിരുന്നു. ഇവരിൽ നാലുപേർ വിവിധ കാലഘട്ടങ്ങളിൽ സംസ്ഥാന മന്ത്രിസഭയിൽ പ്രമുഖ സ്ഥാനം വഹിക്കുകയും ചെയ്തിരുന്നു. സമിതി ഇൻഡ്യയുടെ വിവിധ ഭാഗങ്ങൾ സന്ദർശിച്ച വലിയ തുക ചെലവാക്കി പഠന പര്യടനവും നടത്തിയിരുന്നു. പക്ഷെ റിപ്പോർട്ടിലെ ശുപാർശകൾ പരിഗണിക്കുവാനോ നടപ്പിലാക്കുവാനോ മാറി മാറി വന്ന സംസ്ഥാന സർക്കാരുകൾ തയ്യാറായിട്ടില്ല.

ശബരിമലയും അനുബന്ധ പ്രദേശങ്ങളും വളരെ ഏറെ ദുർബ്ബല പരിസ്ഥിതി മേഖലയാണ്. ഈ പ്രദേശത്തെ വനവും, വന്യജീവികളും ജലസ്രോതസ്സുകളും സംരക്ഷിക്കപ്പെടേണ്ടത് ശബരിമല തീർത്ഥാടനത്തിനത്യന്താപേക്ഷിതമാണ്. വനശോഷണം താപമാനവർദ്ധനവിനും ജലശോഷണത്തിനും ഇടയായിട്ടുണ്ട്. 'കാനന വാസനാ'യ അയ്യപ്പനെ ദർശിക്കാനെത്തുന്നവർക്ക് ഗുണനിലവാരമുള്ള വനം അനിവാര്യമാണ്. ഭക്തന്മാരുടെ തള്ളിക്കയറ്റം ആരംഭിച്ചതോടെ ലോലമായ പരിസ്ഥിതിക്കേറ്റ ആഘാതം അനർവചനീയമാണ്.

ശബരിമലയിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമായിരിക്കണം. വികസന പ്രവർത്തനങ്ങൾ പരിശോധിക്കുവാനും, തീർത്ഥാടനം പരിസ്ഥിതിക്കേല്പിക്കുന്ന ആഘാതം ലഘൂകരിക്കുന്നതിനും തീർത്ഥാടനത്തെ പരിസ്ഥിതി സൗഹൃദമാക്കുന്നതിനും, വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ സഹകരിപ്പിച്ച് സമന്വയിപ്പിക്കുന്നതിനും ഉന്നതാധികാരമുള്ള ഒരു പരിസ്ഥിതി മാനേജ്മെന്റ് സെൽ (Environment Management Cell) രൂപീകരിക്കണം.

ശബരിമല തീർത്ഥാടനം പ്രകൃതിയോടും പരിസ്ഥിതിയോടും യോജിച്ചുപോകുന്ന തരത്തിൽ ദീർഘവീക്ഷണത്തോടെയുള്ള വികസന തന്ത്രങ്ങളാണ് നടപ്പിലാക്കേണ്ടത്. അതിനായി ദേവസ്വം ബോർഡും സംസ്ഥാന ഗവൺമെന്റും തയ്യാറാക്കുമെന്ന് പ്രത്യാശിക്കാം.

---

**പരിസ്ഥിതി വിദ്യാഭ്യാസം**

**പമ്പാതീരത്തെ ജൈവ വൈവിധ്യം കണ്ടെത്താൻ പരിശീലനം**

പമ്പാതീരത്തെ ജൈവവൈവിധ്യം നിറഞ്ഞ സസ്യങ്ങളെ കണ്ടെത്തുന്നതിനും നാട്ടറിവുകൾ ശേഖരിക്കുന്നതിനുമായി പമ്പാ പരിരക്ഷണ സമിതിയും ഇടയാറന്മുള എ.എം.എം. ഹയർ സെക്കൻണ്ടറി സ്കൂൾ എൻ.എസ്.എസ്.യൂണിറ്റും ചേരന്നു നടത്തിയ പരിശീലന പരിപാടി നാടിനു പുതുമ പകർന്നു.

പൂവത്തൂർ പരിസ്ഥിതി വിജ്ഞാന കേന്ദ്രത്തിൽ ക്ലാസുകൾക്കു ശേഷം പമ്പനദിയുടെ തീരത്ത് എത്തി സസ്യങ്ങളുടെ പ്രത്യേകതയും ജൈവ വൈവിധ്യവും ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ് ബോട്ടണി വിഭാഗം തലവൻ തോമസ് പി. തോമസ് കുട്ടികൾക്കു പറഞ്ഞു കൊടുത്തു.

ജൈവ - വൈവിധ്യ രജിസ്റ്റർ ജില്ലാ കോ - ഓഡിനേറ്റർ ഡോ.കെ.എൻ. കുറുപ്പ്, എൻ.എസ്.എസ്.ജില്ലാ കോ - ഓഡിനേറ്റർ ശ്രീ.വർഗീസ് മാത്യു തരകൻ, പമ്പാ പരിരക്ഷണ സമിതി ജനറൽ സെക്രട്ടറി എൻ.കെ.സുകുമാരൻ നായർ, പ്രസിഡന്റ് പ്രൊഫ.ടി.എൻ.രാമകൃഷ്ണക്കുറുപ്പ്, വൈസ് പ്രസിഡന്റ്, പ്രൊഫ.എം. വി.എസ്. നമ്പൂതിരി എന്നിവർ പ്രസംഗിച്ചു.

പരിസ്ഥിതി ബോധവത്കരണ പരിപാടിയുടെ ഭാഗമായി ആറു സംഘമായി തിരിഞ്ഞ് സമാഹരിക്കുന്ന സസ്യജാലകങ്ങളുടെ വിവരങ്ങളും നാട്ടറിവുകളും ചേർത്ത് റിപ്പോർട്ട് തയാറാക്കും.

---

**പമ്പാ കർമ്മപദ്ധതി (1)**

**പമ്പാനദിയുടെ ജൈവവൈവിധ്യ സംരക്ഷണം – ശില്പശാല 19/10/12**

**പമ്പാനദി സംരക്ഷണത്തിന് കർമ പദ്ധതി തയാറാക്കണം**

**ടി.കെ.എ.നായർ**

**കോഴഞ്ചേരി** : പൊതുസമൂഹം ഉണർന്നു കർമരംഗത്തിറങ്ങിയില്ലെങ്കിൽ പമ്പാനദിയുടെ മരണം ആസന്നമാണെന്നും നദീസംരക്ഷണത്തിനായി പുതിയ കർമ പദ്ധതി അടിയന്തിരമായി തയാറാക്കണമെന്നും പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ് ശ്രീ.ടി.കെ.എ.നായർ ആവശ്യപ്പെട്ടു.

പമ്പാനദിയുടെ ജൈവവൈവിധ്യ സംരക്ഷണം സംബന്ധിച്ച് പമ്പാപരിരക്ഷണ സമിതിയും സംസ്ഥാന ജൈവവൈവിധ്യം ബോർഡും ചേർന്നു നടത്തിയ ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം നദിയുടെ പരിസ്ഥിതി സന്തുലിതാവസ്ഥ വീണ്ടെടുക്കാൻ പമ്പാനദീതട വാസികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുന്നിട്ടിറങ്ങണം. ജനകീയ ഉണർവ് ഉണ്ടാക്കാൻ കഴിയുന്ന പുതിയ കർമ പദ്ധതികളും തയ്യാറാക്കണം.

പുസ്തകത്തിലെ നിയമങ്ങളും ചട്ടങ്ങളും ബഡ്ജറ്റിലെ പണവും മാത്രമല്ല ജനങ്ങളുടെ മനസ്സുകൂടി അർപ്പിക്കുമ്പോഴേ ഇത്തരം പദ്ധതികൾ പൂർണ വിജയത്തിൽ എത്തിക്കാൻ കഴിയുവെന്നു അദ്ദേഹം പറഞ്ഞു.

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഉപാധ്യക്ഷൻ ഡോ.വി.എൻ.രാജശേഖരൻ പിള്ള അധ്യക്ഷത വഹിച്ചു. പമ്പാ പരിരക്ഷണ സമിതി ജനറൽ സെക്രട്ടറി എൻ.കെ.സുകുമാരൻ നായർ, തോട്ടപ്പുഴശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് ടി.കെ.രാമചന്ദ്രൻ നായർ, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവീ, കോയിപ്രം പഞ്ചായത്ത് പ്രസിഡന്റ് നിർമല മാത്യൂസ്, ഇരവിപേരൂർ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.എൻ.രാജീവ്, കൊച്ചി സർവകലാശാല മുൻപരിസ്ഥിതി വിഭാഗം തലവൻ വി.എൻ. ശിവശങ്കപിള്ള, സെസ് മുൻ മേധാവി ഡോ.കെ.എം.നായർ, ഡോ.പി.ആർ ഉണ്ണിക്കൃഷ്ണ പിള്ള, ഡോ.ജോൺ കുരുവിള, ഫാ.ഡോ. ബെൻസി മാത്യു, പി.ഡി.ജോർജ്, സി.എ.വിനയചന്ദ്രൻ, ജോൺ മാത്യൂസ്, ഡോ.പി.ജി.ഏബ്രഹാം, പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ എ.സെയ്തു എന്നിവർ പ്രസംഗിച്ചു.

പമ്പാ കർമ്മപദ്ധതി II – ശില്പശാല (25 – 11 – 12)

## ‘പമ്പ മരിക്കാൻ പാടില്ല’

പമ്പാ നദിതടത്തിലെ ജൈവവൈവിധ്യസംരക്ഷണത്തിന് ഒരു കർമ്മപദ്ധതി കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് തയ്യാറാക്കി. ജനപങ്കാളിത്തത്തോടെ പഞ്ചായത്തു തലത്തിൽ രൂപീകൃതമായ ബയോഡൈവേഴ്സിറ്റി മാനേജ് കമ്മറ്റികളുടെ (ബി.എം.സി.) നേതൃത്വത്തിലാണ് ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നത്. പമ്പാ പരിരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ മാരാമണ്ണിൽ നടന്ന ശില്പശാലയിൽ ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഡോ.കെ.പി ലാലാദാസ് പദ്ധതികളുടെ കരടു നിർദ്ദേശങ്ങൾ അവതരിപ്പിച്ചു.

### പ്രധാന നിർദ്ദേശങ്ങൾ

1. പമ്പാനദിയുടെ പുഴയോര സസ്യാവരണം വർദ്ധിപ്പിക്കുക.
2. അധിനിവേശ സസ്യങ്ങളെ നശിപ്പിക്കുക.
3. തദ്ദേശീയ മത്സ്യ സമ്പത്തു വർദ്ധിപ്പിക്കുക.
4. നദികളിലേക്കുള്ള മാലിന്യ പ്രവാഹം ശാസ്ത്രീയമായി സംസ്ക്കരിക്കുക.
5. ജല ഗുണനിലവാരം, പരിശോധനാ സംവിധാനം പഞ്ചായത്തു തലത്തിൽ ഉണ്ടാക്കുക.
6. അശാസ്ത്രീയമായ മത്സ്യ ബന്ധന സംവിധാനങ്ങൾ നിയന്ത്രിക്കുക.
7. നദീ തടത്തിലെ ജൈവ വൈവിധ്യം വർദ്ധിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

തുടങ്ങി ഒട്ടേറെ നിർദ്ദേശങ്ങൾ ജൈവ വൈവിധ്യ ബോർഡിന്റെ പദ്ധതിയിലുൾക്കൊള്ളിച്ചിട്ടുണ്ട്.

പമ്പാ നദിയുടേയും കൈവഴികളുടേയും പുനരുജ്ജീവനവും, ജൈവ വൈവിധ്യവും ലക്ഷ്യമിട്ട് മാരാമൺ റിട്രീറ്റ് സെന്ററിൽ നടന്ന ശില്പ ശാല പ്രധാന മന്ത്രിയുടെ ഉപദേഷ്ടാവ് റ്റി. കെ. എ നായർ ഉത്ഘാടനം ചെയ്തു.

ജനങ്ങളുടെ സജീവ പങ്കാളിത്തവും സാങ്കേതിക വിദ്യയും സമന്വയിപ്പിച്ചു പ്രവർത്തിച്ചെങ്കിൽ മാത്രമേ പമ്പാ കർമ്മ പദ്ധതിപോലുള്ള സങ്കീർണ്ണ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തുകയുള്ളൂ വെന്ന് അദ്ദേഹം ഉത്ഘാടനപ്രസംഗത്തിൽ പറഞ്ഞു. അവശിഷ്ട വസ്തുക്കളെല്ലാം നദിയിലേക്കു വലിച്ചെറിയുന്ന നമ്മുടെ സ്വഭാവം മാറിയെ തീരൂ എന്ന് അനുഗ്രഹ പ്രഭാഷണം നടത്തിയ ഡോ.പീലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലിത്ത പറഞ്ഞു. നദികളിൽ കുളിച്ചിരുന്ന കാലത്തെ തിരുമേനി ഓർമ്മിപ്പിച്ചു. നദിയോടുള്ള ഒരു ബന്ധം വളർത്തുവാൻ നദിയിലെ കുളി ഉപകരിച്ചിരുന്നു.

ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സി. വൈസ് പ്രസിഡന്റ് ഡോ.വി.എൻ. രാജശേഖര പിള്ള അദ്ധ്യക്ഷനായിരുന്നു. പത്തനംതിട്ട ജില്ലാ കളക്ടർ വി.എൻ.ജിതേന്ദ്രൻ പമ്പയെപുരുജ്ജീവിപ്പിക്കുന്നതിനുള്ള സമയബന്ധിത കർമ്മ പരിപാടി അവതരിപ്പിച്ചു. മാലിന്യ സ്രോതസ്സ് കണ്ടെത്തി മാലിന്യ വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശുചിത്വ മിഷന്റെ സാമ്പത്തിക സഹായത്തോടെ പഞ്ചായത്തുകൾക്കു നടപ്പിലാക്കാം. തൊഴിലുറപ്പു പദ്ധതിയിലുൾപ്പെടുത്തി പമ്പാതീരങ്ങളുടെ സസ്യാവരണം വർദ്ധിപ്പിക്കാം. മുള, ഈറ്റ, ആറ്റു വഞ്ചി തുടങ്ങിയ സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് പരിധിയില്ലാതെ ആവശ്യത്തിനു പണം കണ്ടെത്താൻ കഴിയും. നദിയുടെ പുനരുജ്ജീവനം ഇവിടെ മനുഷ്യ സംസ്കാരം നിലനിൽക്കുന്നതിതത്യന്താക്ഷിതമാണ്. വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തണം.

പത്തനംതിട്ട ജില്ലയിലെ പമ്പാ നദീതീര പ്രദേശത്തുള്ള മുപ്പതു പഞ്ചായത്തുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ ശില്പശാലയിൽ അവതരിപ്പിച്ചു. പഞ്ചായത്തു പ്രഡിസന്റുമാരും സെക്രട്ടറിമാരും, പരിസ്ഥിതി ശാസ്ത്രജ്ഞന്മാരും, പരിസ്ഥിതി പ്രവർത്തകരും അടക്കം നൂറോളം ആളുകൾ ശില്പശാലയിൽ ആദ്യവസാനം പങ്കെടുത്തു. പമ്പാ പരിരക്ഷണ സമിതി ജന.സെക്രട്ടറി എൻ.കെ. സുകുമാരൻ നായർ സ്വാഗതവും, പ്രസിഡന്റ് പ്രൊഫ. റ്റി.എൻ. രാമകൃഷ്ണക്കുറുപ്പ് നന്ദിയും പറഞ്ഞു. ബ്ലോക്കു പ്രസിഡന്റുമാരായ സ്റ്റെല്ലാ തോമസ്, അന്നാപൂർണ്ണാദേവീ, പഞ്ചായത്തു പ്രസിഡന്റുമാരായ റ്റി.കെ. രാമചന്ദ്രൻ നായർ, അഡ്വ. എൻ.രാജീവൻ, ബാബു വെളിയത്ത് , നിർമ്മലാ മാത്യൂസ്, മേഴ്സി ശാമുവേൽ രാജമ്മ പുഷ്പാംഗദൻ, ആൻസി ജോസഫ്, പി.പി. വർഗ്ഗീസ് , റ്റി.പ്രസന്ന കുമാരി, കെ.സി.തോമസ്സ്, ദീപാ സനോജ്, ലതാ രഘുനാഥ്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, വി.റ്റി. സുരേന്ദ്രൻ, ഡോ. ജോസ് പാറക്കടവിൽ, ജേക്കബ് മാത്യു, തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു സംസാരിച്ചു. ശ്രീ. റ്റി.കെ.എ നായർ, ഡോ.വി.എൻ.രാജശേഖരപിള്ള ജില്ലാ കളക്ടർ, വി.എൻ.ജിതേന്ദ്രൻ, ഡോ.കെ.പി ലാലാദാസ് എന്നിവർ ആദ്യവസാനം ചർച്ചകൾക്കു നേതൃത്വം നല്കിക്കൊണ്ടു ശില്പശാലയിൽ പങ്കെടുത്തു.

ശില്പശാലയിൽ വച്ച് ജൈവവൈവിധ്യ ബോർഡു തയ്യാറാക്കിയ ‘പമ്പ മരിക്കാൻ പാടില്ല’ എന്ന പോസ്റ്ററിന്റെ പ്രകാശ കർമ്മം പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ് റ്റി.കെ.എ.നായർ നിർവ്വഹിച്ചു.

സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റേയും, മലിനീകരണ ബോർഡിന്റേയും സഹകരണത്തോടെ പമ്പാ പരിരക്ഷണ സമിതിയാണ് ശില്പ ശാല സംഘടിപ്പിച്ചത്.

## ഇല്ലാതാകുന്ന കൈവഴികൾ

### മുല്ലേലിതോട്

കെ.എസ്.വിശ്വനാഥ്, തിരുവല്ല

തിരുവല്ലാ ടൗണിന്റെ ഹൃദയഭാഗത്തുകൂടി ഒഴുകി അവസാനമായി പമ്പ മണിമലനദികളുടെ സംഗമസ്ഥാനത്തിനുമപ്പുറം ആനദീസംഗമത്തിൽ പതിക്കുന്ന മുല്ലേലി തോടിന്റെ പ്രശ്നവുമായാണ് ഞാൻ പമ്പാ പരിരക്ഷണസമിതിയിലേക്കുവരുന്നത്. 8 - 05 - 2012 ൽ പ്രസിദ്ധീകരിച്ച സമിതിയുടെ 2012 ലെ സാമ്പത്തിക വർഷത്തേ പ്രവർത്തനറിപ്പോർട്ടിൽ മുല്ലേലി തോടിന്റെ കാര്യ പ്രദിപാതിച്ചിട്ടുണ്ട്. മുല്ലേലി തോടു പനരുദ്ധരിക്കാൻ കളക്ടർക്കും സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിനും നിവേദനം നൽകിയ കാര്യം റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ ജന.സെക്രട്ടറി പ്രത്യേക താല്പര്യം എടുത്തു പത്തനംതിട്ട കളക്ടറായിരുന്ന പി.വേണുഗോപാലിനെ നേരിൽ കണ്ട് ഈ കാര്യങ്ങൾ ബോധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തിരുവല്ലാ മുൻസിപാലിറ്റി താല്പര്യമുണ്ടെങ്കിൽ കുട്ടനാട് ആക്ഷൻപ്ലാനിലോ മറ്റേതെങ്കിലും സ്കീമിലോ ഉൾപ്പെടുത്തി അത് നിർവ്വഹിക്കാവുന്നതേയുള്ളൂ.



മണിമലയാറിന്റെ കരേറാടു തീരത്തുനിന്നു തുടങ്ങി തിരുവല്ല, പുഷ്പഗിരി മെഡിക്കൽ കോളേജ്, തിരുവല്ല മത്സ്യചന്ത, പാലിയേക്കര, മതിൽ ഭാഗം, കാവും ഭാഗം മണൽകരചിറ, വേങ്ങൽ മുതലായ പ്രദേശങ്ങളിലൂടെ ഒഴുകി മുട്ടാറിൽ പതിക്കുന്ന ഒരു അരുവിയായിരുന്നു ആകാലത്തു മുല്ലേലിനോട് തിരുവല്ല ചന്തയുടെ സമീപത്തു നിന്നു തുടങ്ങി മറ്റൊരു തോടും മുല്ലേലി തോടുമായി യോജിക്കുന്നുണ്ട്. കടുത്ത വേനലിൽ ഒഴിച്ച് മറ്റെല്ലാകാലത്തും മുല്ലേലിതോട്ടിൽ സജീവമായി നീരൊഴുക്കുണ്ടായിരുന്നു. ചന്തതോട്ടിൽ നിന്ന് ആലപ്പുഴ വരെ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസുമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈ തോടുകൾ തികച്ചും മലിനജല (Waste water) വാഹികളാണ്. കൊട്ടതോട്, മുല്ലേലിതോടു ഒഴുകുന്നതിനു സമീപമുള്ള പുഷ്പഗിരി മെഡിക്കൽ കോളേജ്, മത്സ്യചന്ത മുതലായ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ യഥേഷ്ടം ഈ തോട്ടിലൂടെ ഒഴുകി തോട്ടിലെ ജലം മലിനമാകുകയും കുട്ടനാടൻ ജലാശയങ്ങളിലേക്കു മുട്ടാറിലൂടെ പരക്കുകയുമാണ് ചെയ്യുന്നത്. ഒരു കാലത്ത് സ്വച്ഛന്ദം ഒഴുകികൊണ്ടിരുന്ന ഈ തോട്ടിലെ ജലം സമീപവാസികൾ കുടിക്കുന്നതിനും കിളിക്കുന്നതിനും കൃഷിക്കും മറ്റു ഗാർഹിക ആവശ്യങ്ങൾക്കും സുലഭമായി ഉപയോഗിച്ചിരുന്നു എന്നുള്ള ഒരുയാഥാർത്ഥ്യമാണ്. എന്നാൽ പിന്നീട് വികസനത്തിന്റെ പേരിൽ വന്ന ഒരു മുൻസിപ്പൽ റോഡു ഈ തോടിന്റെ ഗതിയെ നിയന്ത്രിക്കതക്കവണ്ണം നിർമ്മിക്കുകയും പ്ലാസ്റ്റിക്കിന്റെ വ്യാപകമായ ഉപയോഗവും ദുരുപയോഗവും ഈ തോടിന്റെ ചരമം കുറിക്കുകയുണ്ടായി. നാട്ടുകാരിൽ പലരും അവരുടെ ഗാർഹിക അവശിഷ്ടങ്ങളും മാലിന്യങ്ങളും പ്ലാസ്റ്റിക്ക് സഞ്ചിയിൽ പൊതിഞ്ഞ് ഈ തോട്ടിലേക്കു നിക്ഷേപിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ മുൻസിപ്പൽ അവശിഷ്ടങ്ങളും ഈ തോടിന്റെ പരിസരത്താണ് തള്ളുന്നത്. ഈ മാലിന്യങ്ങളിൽ നിന്നുള്ള ഉറവ മുല്ലേലിതോട്ടിലേക്കു പ്രവേശിച്ച് തോട്ടിലെ ജലം ഇപ്പോൾ തികച്ചും (Waste water) മലിനജലമായിരിക്കുകയാണ്. ഇപ്പോൾ ഈ തോട്ടിലെ ജലം കാൽ കഴുകാൻ പോലും കൊള്ളാത്തവിധത്തിൽ മലിനവും ദുർഗന്ധപൂരിതവുമാണ്. തോടിന്റെ സമീപവാസികളിൽ ചിലർ അവരുടെ കുളിമുറിയിൽ നിന്നുള്ള മലിനജല പൈപ്പും ഈ തോട്ടിലേക്കു ഇട്ടിരിക്കുകയാണ്. കൂടാതെ എന്തും ഏതും തള്ളുന്ന ഒരു അഴുക്കുതോടാണ് ഇന്നു മുല്ലേലിതോട്. തോടിന്റെ ഇപ്പോഴത്തെ ദുരവസ്ഥകാരണം സമീപപ്രദേശങ്ങളിലെ കിണറുകളിലെ ജലവും ഉപയോഗശൂന്യമായി വന്നിരിക്കയാണ്. മുല്ലേലി തോട്ടിലേയും മറ്റു തോടുകളിലേയും ജലം കുറേശെ ഒഴുകി കുട്ടനാടൻ ജലാശയങ്ങളിൽ എത്തി അവിടുത്തെ ജലസംഭരണികളേയും നദികളേയും വിഷലിപ്തമാക്കുകയും കുട്ടനാടൻ ജനതയുടെ ജീവന് അപകടങ്ങൾ ക്ഷണിച്ചു വരുത്തി കൊണ്ടിരിക്കുകയാണ്.

ഒരു ജനസമൂഹത്തിന്റെ തന്നെ നിലനിൽപിനെ ബാധിക്കുന്ന കാര്യങ്ങളാണ് മേൽ സൂചിപ്പിച്ചിരിക്കുന്നത്. ശുദ്ധജലം ഇല്ലാതെ മനുഷ്യനു ജീവിക്കുവാൻ സാധിക്കുകയില്ലല്ലോ. മഴ കുറഞ്ഞു കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ അവസ്ഥയിൽ ഉള്ള ജലവും ജലസംഭരണികളും ജല വാഹിനികളും സംരക്ഷിക്കേണ്ടതും നിലനിർത്തേണ്ടതും സമൂഹത്തിന്റെ കടമയാണ്.

ഈ ദുസ്ഥിതിക്കു മാറ്റം വരുന്നതിനു താഴെ പറയുന്ന കാര്യങ്ങൾ കുട്ടനാടു പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഗവൺമെന്റും പരിസ്ഥിതി വകുപ്പും നടപ്പാക്കണമെന്നു താല്പര്യപ്പെടുന്നു. ബഹുമാനപ്പെട്ട കളക്ടർക്കും മറ്റധികാരികൾക്കും ഇതേപറ്റി മെമ്മോറാണ്ഡം സമർപ്പിച്ചിട്ടുണ്ട്.

1. കൊട്ടതോട്, മുല്ലേലിതോട്, ചന്തതോട് ഇവ വീതിയും ആഴവും കൂട്ടി നീരൊഴുക്കു പുനസ്ഥാപിക്കുക.
2. തോടുകൾ മുഴുവനായും വൃത്തിയാക്കുക.
3. തോടുകളിലേക്കു സമീപത്തുള്ള വീടുകളിൽ നിന്നും സ്ഥാപിച്ചിരിക്കുന്ന അഴുക്കു നിർഗ്ഗമന പൈപ്പുകൾ നീക്കം ചെയ്യുക.

**ജനറൽ സെക്രട്ടറി എൻ.കെ.സുകുമാരൻ നായർക്ക് ലഭിച്ച പുരസ്ക്കാരങ്ങൾ**

**2007 –** സംസ്ഥാന പത്രപ്രവർത്തകർ നേതൃത്വതനൽകുന്ന 'എക്കോലീഗ്' ഏർപ്പെടുത്തിയ **ജയ്ജി പീറ്റർ സ്വർണ്ണമെഡൽ** പ്രഥമ പുരസ്ക്കാരം സംസ്ഥാനത്തെ ഏറ്റവും മികച്ച പരിസ്ഥിതി പ്രവർത്തകൻ എന്ന നിലയിൽ ലഭിച്ചു.



04-05-2007ൽ പാമ്പാക്കടയിൽ നടന്ന സമ്മേളനത്തിൽ വച്ച് ബഹു. മന്ത്രി എൻ. കെ.പ്രേമചന്ദ്രൻ അവാർഡ് നൽകി.

**2010 –** ജൈവ വൈവിധ്യ സംരക്ഷണത്തിലെ ഏറ്റവും മികച്ച പ്രവർത്തകനുള്ള 2010 ലെ **'വനമിത്ര' അവാർഡിന്** പത്തനംതിട്ട ജില്ലയിൽ നിന്ന് സുകുമാരൻ നായർ തെരഞ്ഞെടുക്കപ്പെട്ടു. 25000 രൂപയും പ്രശംസാപത്രവുമാണ് സംസ്ഥാന വനം വകുപ്പ് ഏർപ്പെടുത്തിയ വനമിത്ര അവാർഡ്. 05-05-11 ൽ കോന്നി വനശ്രീ ഓഡിറ്റേറിയത്തിൽ നടന്ന യോഗത്തിൽ വച്ചു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ബാബുജോർജ്ജ് അവാർഡ് നൽകി.

**2011 –** എറണാകുളം കരയോഗം ഏർപ്പെടുത്തിയ **പി.എസ്സ്.ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് 2011.** സുകുമാരൻ നായർക്കു ലഭിച്ചു. സംസ്ഥാനത്തെ ഏറ്റവും മികച്ച പരിസ്ഥിതി പ്രവർത്തനാണ് 10001 രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന അവാർഡ് 2012.

**2012 –** ഏപ്രിൽ 22ന് എറണാകുളം റ്റി.ഡി.എം. ഹാളിൽ നടന്ന സമ്മേളനത്തിൽ വച്ച് മുൻസ്പീക്കർ ശ്രീ.വി.എം.സുധീരൻ അവാർഡ് ദാനം ചെയ്തു. റവ. പ്രൊഫ. മാത്യു വാണിശ്ശേരി ഫൗണ്ടേഷൻ (കോട്ടയം) ഏർപ്പെടുത്തിയ പരിസ്ഥിതി അവാർഡ് 2012 **മാർച്ച് 17**ന് തെരഞ്ഞെടുക്കപ്പെട്ടത്. എൻ.കെ.സുകുമാരൻ നായരാണ്. 50000 രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് അവാർഡ്.

മാർച്ച് 17ന് കോട്ടയം പ്രസ്സ് ക്ലബ്ബിൽ നടന്ന ചടങ്ങിൽ വച്ച് ബഹു.മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും പ്രശസ്തവ്യക്തികളുടേയും സാന്നിദ്ധ്യത്തിൽ ബഹു.മന്ത്രി ശ്രീ.1കെ.സി.ജോസഫ് അവാർഡു നൽകി.

4. ജലത്തിന്റെ ഒഴുക്കു തടസ്സപ്പെടുത്തി ബണ്ടോ, റോഡോ ഉണ്ടെങ്കിൽ അതുമാറ്റി നീരൊഴുക്കു സാഹ്യമാകത്തക്കവണ്ണം പാലം പണിയുക.

5. തോട്ടിൽ അഴുക്കു ഇടുന്നവരെ പിടികൂടുന്നതിനും ശിക്ഷിക്കുന്നതിനും മുൻസിപ്പൽ ആരോഗ്യവകുപ്പിനു അധികാരം നൽകികൊണ്ട് നിയമം നടപ്പിലാക്കുക.

6. തോടു വൃത്തിയായി സൂക്ഷിക്കേണ്ടതാണെന്നും അപ്രകാരം ചെയ്യാതിരുന്നാൽ ശിക്ഷ നേരിടുമെന്ന് കാണിച്ച് ബോർഡു സ്ഥാപിക്കുകയും പൊതുജനങ്ങളേ ബോധവാന്മാരാക്കുകയും ചെയ്യുക.

7. അതാതുവാർഡു കൗൺസിലർമാരും പഞ്ചായത്തംഗങ്ങളും മേൽപറഞ്ഞ കാര്യങ്ങൾ നോക്കുവാൻ ചുമതലക്കാരായിരിക്കുക.

## വരട്ടാർ

**പ്രൊഫ. എം. വി. എസ്സ്. നമ്പൂതിരി**

വരട്ടാർ എന്ന സംയുക്ത പദം തന്നെ ഒരു വിരോധാഭാസമാണ്. ജലമില്ലാത്ത അവസ്ഥ യാണ് വരൾച്ച. ആറ് എന്നത് ജല സാന്നിദ്ധ്യത്തന്റെ പ്രതീകമാണ്. ഒരിക്കൽ നില നിന്നിരുന്ന ജലധാര വറ്റി വരണ്ടപ്പോൾ അതിനെ വരട്ടാർ എന്ന് നാട്ടുകാർ വിശേഷിപ്പിച്ചു.

കിഴക്കനോതറ പുതുക്കുളങ്ങര ക്ഷേത്രത്തിന്റെ തെക്കു കിഴക്ക് ദിശയിൽ നിന്ന് പുറപ്പെട്ട് ഓതറ, മഴുക്കീർ, കുറ്റൂർ, തിരുവൻവണ്ടൂർ തുടങ്ങിയ ദേശങ്ങളിൽക്കൂടി ഒഴുകി ഇരമല്ലിക്കര എത്തി മണിമല ആറ്റിൽ ചെന്നുചേരുന്ന കൈവഴി ആയിരുന്നു സുമാർ 10 കി.മീ. നീളമുള്ള ഈ ജലധാര. അടുത്തകാലത്ത് വരട്ടാർ എന്ന വിശേഷണം പമ്പയുടെ ഒരു ഭാഗത്തിനുകൂടി ലഭിച്ചുതുടങ്ങി. ഇടനാടിന്റെ കിഴക്ക്, വടക്ക്, പടിഞ്ഞാറു ഭാഗങ്ങളിൽ കൂടി ഒഴുകി പുത്തൻകാവിൽ വെച്ച് പമ്പയുമായി വീണ്ടും സന്ധിക്കുന്ന



പ്രസ്തുതഭാഗം ജലധാര എന്ന പ്രതിഭാസത്തിനൊരപവാദമാണ്. കിഴക്കു നിന്നൊഴുകിയെത്തുന്ന പമ്പ ഇടനാടിന്റെ തെക്കുകിഴക്കേമൂലയിലുള്ള വഞ്ചിപ്പോട്ടിൽ കടവിൽവെച്ച് രണ്ടായി പിരിയുന്നു. ഇടനാടിനെ അപ്രദിക്ഷണമായി ചുറ്റിയൊഴുകി പുത്തൻകാവിൽവെച്ച് വീണ്ടും സന്ധിക്കുന്ന ഏതാണ്ടു 4 കി.മീ. നീളം വരുന്ന പമ്പാ ഭാഗം ഇന്ന്, യഥാർത്ഥത്തിൽ ഒരു പുഴയല്ല; അനിയന്ത്രിതമായ മണൽ ഖനനത്തിന്റെ ഫലമായി രൂപീകൃതമായ ആഴവും ദൈർഘ്യവുമുള്ള കുളം എന്നോ തടാകം എന്നോ വിശേഷിപ്പിക്കാവുന്ന ഒരു വികൃതപ്രതിഭാസമായി മാറിയിരിക്കുന്ന പമ്പയുടെ ആ ഭാഗം. ഇന്നു പണ്ടത്തേതുപോലെ വെള്ളപ്പൊക്കം ഇണ്ടാകാറില്ല. അപൂർവ്വമായി പമ്പയിൽ ജലനിരപ്പുയർന്ന് വഞ്ചിപ്പോട്ടിൽ കടവിൽ അശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള ചപ്പാത്ത് കവിഞ്ഞൊഴുകുമ്പോൾ മാത്രമേ ഇടനാടിനു ചുറ്റുമുള്ള പമ്പയിലൂടെ യഥാർത്ഥത്തിലുള്ള ആറ്റുവെള്ളം ഒഴുകാറുള്ളൂ. ദീർഘവീക്ഷണമില്ലായ്മക്ക് ഉത്തമ ദൃഷ്ടാന്തമാണ് നദികൾക്കു കുറുകെയുള്ള ചപ്പാത്തുകൾ. ചപ്പാത്ത് നിർമ്മിക്കുമ്പോൾ ഒരു ജലധാരയെ ശ്വാസംമുട്ടിച്ച് കൊല്ലുകയാണ് നാം ചെയ്യുന്നത്.

പുതുക്കുളങ്ങര ക്ഷേത്രത്തിന് മുമ്പിൽ നിന്നാരംഭിക്കുന്ന പമ്പയുടെ കൈവഴി സുമാർ 50 വർഷങ്ങൾക്കുമുമ്പ് ജലഗതാഗതം ഉണ്ടായിരുന്ന ജലധാരയായിരുന്നു. ഇന്ന് അങ്ങനെ ഒരു കൈവഴി ഉണ്ടായിരുന്നുവെന്ന് പറഞ്ഞാൽ ഈ തലമുറയിലെ ഇളമുറക്കാർ വിശ്വസിച്ചുവെന്നുവരികയില്ല. പമ്പയിൽ ജലനിരപ്പുയരുമ്പോൾ വരട്ടാറിൽകൂടി നദീജലം പടിഞ്ഞാറോട്ടൊഴുകി മണിമലയാറിൽ പതിക്കുന്നു. മറിച്ച് മണിമലയിൽ ജലനിരപ്പ് ഉയർന്നാൽ വരട്ടാർ വിപരീതദിശയിൽ ഒഴുകി പമ്പാനദിയിൽ പതിക്കുന്നു. അങ്ങനെ പമ്പയിലേയും മണിമലയാറിലേയും പ്രളയത്തെ ഒരു പരിധിവരെ ക്രമീകരിക്കുന്ന പ്രകൃതിജന്യമായ സംവിധാനമായിരുന്നു അത്. പമ്പയിലെ മണൽവാരൽ കാരണം ആഴം ക്രമാതീതമായി വർദ്ധിക്കുകയും, വരട്ടാർ ആരംഭിക്കുന്നിടത്തുള്ള ചപ്പാത്ത് അനുസ്യൂതവും സ്വാഭാവികവുമായ നീരൊഴുക്കിനെ തടയുകയും ചെയ്യുന്നു. നീരൊഴുക്കുനിലച്ച ആറിന്റെ തീരങ്ങൾ അനധികൃതമായി നികത്തി തീരവാസികൾ കൃഷി ഭൂമിയാക്കിമാറ്റുകയും ചെയ്തു. അഭിനവ വരട്ടാറിന്റെയും കൈവഴിയായ പഴയ വരട്ടാറിന്റെയും അടിത്തട്ടുകൾ പ്രധാന പമ്പയുടെ അടിത്തട്ടിനെ അപേക്ഷിച്ച് ഉയർന്നുനില്കുകയാണ്. ഇടനാടിനു ചുറ്റുമുള്ള വരട്ടാറും പുതുക്കുളങ്ങര നിന്നാരംഭിക്കുന്ന കൈവഴിയായ വരട്ടാറും വീണ്ടും നിർബ്ബാധം പ്രവഹിക്കുന്ന ജലധാരകളായി മാറണമെങ്കിൽ അവയുടെ അടിത്തട്ടുകളും പ്രധാന പമ്പയുടെ അടിത്തട്ടിനൊപ്പം താഴ്ത്തേണ്ടിയിരിക്കുന്നു. നദികളുടെ അടിത്തട്ടുകൾ ക്രമാതീതമായി മണൽവാരിതാഴ്ത്തുന്നത് ഗുരുതരമായ പ്രകൃതിധ്വംസനവും പാരിസ്ഥിതിക കടന്നുകയറ്റവും ആണ്.

ഇപ്രകാരം വിലയിരുത്തിയാൽ, രക്ഷപെടാനാവാത്ത ദുരന്തത്തിലേക്കാണ് നദികളുമായി ബന്ധപ്പെട്ട പരിസ്ഥിതി സന്തുലിതാവസ്ഥ ചെന്നുപതിക്കുന്നത് എന്നു കാണാവുന്നതാണ്. വാസ്തവത്തിൽ കുരുക്കഴിക്കാനാവാത്ത വിഷമവൃത്തത്തിൽ പെട്ടിരിക്കുകയാണ്നാം. നിർമ്മാണപ്രവർത്തനങ്ങൾക്ക് മണൽ അനിവാര്യമാണ്. സർക്കാർ കെട്ടിടങ്ങൾക്കും ആറ്റുമണൽ ഒഴിവാക്കാനാവില്ല. നദിയിൽ നിന്നേ അതു ലഭിക്കുകയുള്ളൂ. പകരം എം. സാൻഡ് എന്ന വസ്തു പലരും ചൂണ്ടിക്കാട്ടുന്നുണ്ട്, ഉപയോഗിക്കുന്നുമുണ്ട്. പക്ഷേ, അതും പരിസ്ഥതിക്കുകോട്ടം ഉണ്ടാക്കുന്ന ഏർപ്പാടാണ്.

അടിയന്തിരമായി സർക്കാർ നിർവ്വഹിക്കേണ്ട ബാദ്ധ്യത മണൽവാരൽ നിരോധനമല്ല; മണലും സിമന്റും മെറ്റലും ക്രമാതീതമായി ഉപയോഗിക്കേണ്ടിവരുന്ന നിർമ്മാണശൈലിക്കു നിയന്ത്രണം ഏർപ്പെടുത്തുകയാണ് വേണ്ടത്. അണുകുടുംബങ്ങളുടേതായ വർത്തമാനകാലത്ത് ആവശ്യത്തിൽ കവിഞ്ഞുവലിപ്പമുള്ള വാസഗൃഹങ്ങളുടെ നിർമ്മാണം നിയമനിർമ്മാണത്തിലൂടെ നിരോധിക്കുക. നിർമ്മാണ പ്രവർത്തനങ്ങൾ ഏതുമായിക്കൊള്ളട്ടെ പ്രകൃതിചൂഷണം ഒഴിവാക്കാനാവുകയില്ല. നദികളും പാറക്കെട്ടുകളും ലോഹ അയിരുകളും ജലവും ഈ തലമുറയ്ക്കുവേണ്ടി മാത്രം സംവരണം ചെയ്യപ്പെട്ടതല്ല. ഭാവിതലമുറകളേക്കൂടി കണക്കിലെടുത്തുവേണം നമ്മുടെ ഉപഭോഗം നാം നിർണ്ണയിക്കേണ്ടത്.

ആറ്റുതീരങ്ങളിലെ കരിമ്പുകൃഷിയും ഇടംവലം നോക്കാതെയുള്ള കെട്ടിടനിർമ്മാണവുമാണ് നദികളുടെ ഇന്നത്തെ ശോച്യാവസ്ഥയ്ക്കുള്ള മൗലികകാരണങ്ങൾ. പമ്പയും കൈവഴികളും മാത്രമല്ല ഭാരതപ്പുഴയും മണിമലയും അച്ചൻകോവിലാറും എന്നുവേണ്ടാ എല്ലാ നദികളും മനുഷ്യന്റെ പരിഷ്കാരഭ്രമത്തിന്റെ ബലിയാടുകളായി മാറിയിരിക്കുകയാണ്. അണക്കെട്ടുനിർമ്മാണം ആധുനിക കാലത്ത് ഒഴിവാക്കാനാവാത്ത ഒരു ദുരവസ്ഥയാണ്. ഒരിക്കലും ശോഷിക്കാത്ത സൗരോർജ്ജത്തെ പ്രയോജനപ്പെടുത്തുന്നത് ഒരു വലിയ

അളവുവരെ പരിസ്ഥിതിപ്രശ്നങ്ങളെ ഒഴിവാക്കുവാൻ പര്യാപ്തമായിരിക്കും.. ഒരിക്കൽ സൗരോർജ്ജം നമുക്കു പൂർണ്ണമായും വഴിപ്പെട്ടുകഴിഞ്ഞാൽ ഡാമുകൾ തുറന്നു നദിയിലെ ജലപ്രവാഹം സമൃദ്ധമാക്കാൻ നമുക്കു കഴിയും. പ്രളയ നിയന്ത്രണത്തിനുവേണ്ടിമാത്രം ഉള്ള സംവിധാനം ആയി മാറട്ടെ അണക്കെട്ടുകൾ. സൗരോർജ്ജത്തിൽനിന്നു വൈദ്യുതി ഉണ്ടാക്കുന്ന പ്രക്രിയ തുടക്കത്തിൽ വളരെയധികം ചെലവുള്ളതാണെന്ന് സമ്മതിക്കുന്നു. പക്ഷെ, ആ അധികച്ചെലവ് പരിസ്ഥിതി തകർച്ച കൊണ്ടുണ്ടാകുന്ന ഭീമമായ നഷ്ടത്തിനുമുമ്പിൽ തുഛമായിരിക്കും. മാത്രവുമല്ല, സൗരോർജ്ജ സംഭരണത്തിനാവശ്യമായ സാങ്കേതിക വിജ്ഞാനം അചിരേണ ലാഭകരമാക്കുവാൻ കഴിഞ്ഞെന്നുമിരിക്കും.

ഭാവിയിൽ എല്ലാ നദികളും വരട്ടാറുകളായി അധഃപതിക്കാതിരിക്കണമെങ്കിൽ സർക്കാരും സർക്കാരിതര പ്രസ്ഥാനങ്ങളും വിവേകത്തോടെ മേൽ സൂചിപ്പിച്ച പ്രശ്നങ്ങളെ അഭിസംബോധന ചെയ്തേ മതിയാകൂ. അറിവിൽപ്പെട്ടിടത്തോളം ഭൂമി മാത്രമേ പ്രപഞ്ചത്തിൽ ജൈവഗ്രഹം ആയി നിലനില്ക്കുന്നുള്ളൂ. വരുംവരായ്കകളെക്കുറിച്ച് ചിന്തിക്കാതെ പ്രകൃതിക്കുമേൽ കടന്നാക്രമണം തുടർന്നാൽ എന്നായിരിക്കും നമ്മുടെ ഈ പ്രിയ ഭൂമി മറ്റൊരു മൃതഗ്രഹമായി മാറുന്നതെന്നു പ്രവചിക്കുവാൻ സാധിക്കുകയില്ല. ആ ദുരന്തം സംഭവിക്കാതിരിക്കട്ടെ!

## കുട്ടപേരൂർ ആർ

**പി.എം.മാധവൻ കുട്ടിനായർ, ചെന്നിത്തല.**

പമ്പാ അച്ചൻകോവിൽ നദികളിലെ ജലപ്രവാഹങ്ങളെ നിയന്ത്രിക്കുവനും ആകാരമേഘലകളിലെ കൃഷിയിടങ്ങളെ സമ്പുഷ്ടമാക്കുവാനും പ്രകൃതിയും ,പൂർവ്വികരും കനിഞ്ഞു നൽകിയ വരദാനമാണ് കുട്ടൻപേരൂർ ആറ്.

മാവേലിക്കരയ്ക്ക് വടക്ക് കിഴക്കുള്ള ഉളുന്തി യിൽ തുടങ്ങി ഗ്രാമം എണ്ണയ്ക്കാട് ബുധനുർ എന്നീ സ്ഥാലങ്ങളിലൂടെ 8 കി.മീറ്റർ സഞ്ചരിച്ച് പ മ്പാനദിയിൽ നാക്കട വെച്ച് സന്ധിക്കുന്ന നദിയാണ് കുട്ടൻപേരൂർ ആറ് .രണ്ട് വശത്തോട്ടും ഒഴുകുന്ന ഈ നദി പമ്പയുടെയും അച്ചൻകോവിലാറിന്റെയും കുട്ടൻപേരൂർ ആറ് .രണ്ട് വശത്തോട്ടും ഒഴുകുന്ന ഈ നദി പമ്പയുടെയും അച്ചൻകോവിലാറിന്റെയും ജീവനാഡിയാണ്.അച്ചൻകോവിലിൽ പ്രദേശിക കാലാവസ്ഥ പ്രകാരം ജലം കൂടുമ്പോൾ പമ്പയിലേക്ക് ജലം ഒഴുകും ,പമ്പയിൽ വെള്ളപ്പൊക്കമെങ്കിൽ,ജലം കൂടുതലെങ്കിൽ അച്ചൻകോവിൽ ഇത് തിരിച്ചൊഴുക്കും, വേലിയേറ്റവേലിയിറക്ക സമയത്ത് സമയവ്യത്യാസത്തിൽ രണ്ട് വശത്തേക്കും ഒഴുകുന്നനിമിത്തം അച്ചൻകോവിലാറ്റിലെ ,പമ്പയിലെ ഉപ്പുരസത്തെ നിയന്ത്രിക്കുന്നുമുണ്ട് .2004ൽ അച്ചൻകോവിലാറ്റിലെ ,ഉപ്പ് രസം മൂലം കായംകുളം വൈദ്യുതി നിലയം അടച്ചിട്ടത് സ്മരിക്കേണ്ടതാണ്. 50 വർഷത്തിന് മുൻപ് കുട്ടൻപേരൂർ ആറ്റിലെ ഒഴുക്കിന് അനുസൃതമായി പായ്കെട്ടിയ വള്ളങ്ങൾ കാറ്റ് മൂലം വേഗത്തിൽ ഓടിച്ച് പോകുന്നത് നേരിൽ കണ്ടിട്ടുണ്ട്.ഇരുനദിയിലേയും ജലം ദുഷിക്കാതിരിക്കുവാൻ ഒരു കൊച്ചുധമനി നല്കിയ സംഭവന നിസ്സാരമല്ല.

കുട്ടൻപേരൂറാർ മരിക്കുന്നു .അമിതമായ മണൽ വരാൽ നിമിത്തം ജലവിതാനം 3മുതൽ 6മീറ്റർവരെ താണിരിക്കുന്നു .അടിത്തട്ട് എത്രയോ കുഴിഞ്ഞ് അഗാധ ഗർത്തങ്ങളായിരിക്കുന്നു .മണൽതിട്ടകൾ മൂലം നീരൊഴുക്ക് അമിതമായി. പിന്നെ നീരൊഴുക്ക് ഇല്ലാത്ത അവസ്ഥായായി .ജൈവ ആവാസവ്യവസ്ഥയെ തകിടം മറിച്ചിരിക്കുന്നു.മാലിന്യങ്ങൾ കുന്നുകൂടി നദിയിൽ ഇഷ്ടിക ചൂളകൾക്കുള്ള ചെളി നദിയുടെ ചിലഭാഗം 'എൻക്രോച്ച് 'ചെയ്ത് ശേഖരിച്ചപ്പോൾ ,200 അടിക്കുമേൽ വീതിയുണ്ടായിരുന്ന നദിയുടെ ബാക്കിഭാഗം സ്വന്തമാക്കി കൂന പിടിച്ച് തെങ്ങ് നട്ടും അല്ലെങ്കിൽ നിലമാക്കി അങ്ങനെ നദി വെറും കൈത്തോടായി മാറികൊണ്ടിരിക്കുന്നു.

ജനപ്രതിനിധികൾ ചെറിയ ഫണ്ട് നൽകി വോട്ട്ബാങ്ക് സൃഷ്ടിക്കാനായി നിർമ്മിച്ച ഉളുന്തിപാലം ,മഠത്തിക്കടവ് പാലം ,എണ്ണയ്ക്കാട് ഇറിഗേഷൻ കനാൽ ,സ്വിച്ച് ഗിയറിന്റെ അടുത്തുള്ള പാലം ഇതൊല്ലാം നദിയെ നശിപ്പിക്കാൻ ഉപകരിക്കുന്നതാണ് .നല്ലപാലങ്ങളാണ് ഇവിടെ ആവശ്യം .നൂറിൽപരം വർഷങ്ങളായി ആറന്മുള ദർശനം നടത്തുന്ന ചെന്നിത്തല പള്ളിയോടം അമരം ഇളക്കിവെച്ച ശേഷമാണ് ഈ (പാലം)കലിങ്കിനടിയിൽ കൂടിയുള്ള യാത്ര ജലമാർഗ്ഗം വഞ്ചികൾ പോകാറില്ല ,പായ് കെട്ടിയ വള്ളങ്ങൾ യാത്രയില്ല.നദിയിൽ പായൽ മാറ്റി പള്ളിയോടം ആറന്മുള എത്താൻ ഓരോ വർഷവും ഒരുലക്ഷം രൂപാ മുടക്കി വഴിത്താര സർക്കാർ ഒരുക്കുന്നു .ജലക്ഷാമം ആറിന്റെ തീരങ്ങളിൽ രൂക്ഷമായി .വൃത്തിയും വെടിപ്പും ഗ്രാമങ്ങളിൽ നിന്ന് പോയിരിക്കുന്നു കോളീഫോം ബാക്ടിരിയായുടെ ഈറ്റില്ലമാണ് ഈ നദി.കോളറയും വയറിളക്കവും ,ഛർദ്ദിയും ,ടൈഫോയിഡും ,വയറുകടിയും ഇതിനാടുത്ത ഗ്രാമങ്ങളിൽ നിത്യസംഭവമാണ് .മരിച്ചകൊണ്ടിരിക്കുന്ന നദി പുനസ്ഥാപിക്കുമെന്ന സർക്കാറിന്റെ പ്രസ്താവനകൾ ജലരേഖകളായി മാറിയിരിക്കുന്നു .' പമ്പയെ രക്ഷിക്കൂ പമ്പയെ ശുദ്ധമാക്കു 'എന്ന മുദ്രാവാക്യം അന്വർത്ഥമാക്കാൻ കുട്ടമ്പേരൂർ ആറ് കൂടി രക്ഷപെടേണ്ടിയിരിക്കുന്നു.അതിന് സഹായിക്കുക.നന്മ വരട്ടെ.

********

## റാന്നി വലിയതോടിനു ദുർഗതി

**റവ.ഡോ.ഫാദർ ബെൻസി മാത്യു, റാന്നി**

പമ്പാനദിയുടെ കൈവഴിയായ റാന്നി വലിയതോട് കയ്യേറ്റവും അവഗണനയും മൂലം ഇല്ലാതായിക്കൊണ്ടിരിക്കുന്നു .മാടത്തരുവിയും നീരേറ്റുകാവും കടന്ന് പമ്പാതീരം വരെ സമൃദ്ധമായി ഒഴുകിയിരുന്ന തോടിന്റെ മൃതാവസ്ഥ ആരെയും വേദനിപ്പിക്കും .ഇട്ടിയപ്പാറ ടൗൺ മുതൽ പമ്പാനദി വരെയുള്ള മൂന്നു കിലോമീറ്ററിലധികം ദൂരത്തിൽ വലിയതോടിന്റെ ഇരുകരകളും കയ്യേറി കൂറ്റൻ കെട്ടിടങ്ങൾ നിർമിച്ചിരിക്കുകയുമാണ് .വർഷകാലത്തു മാത്രം ശക്തമായ നീരൊഴുക്കുള്ള തോട് വേനലിൽ വറ്റിവരളുന്ന നിലയിലാണ്.



ചെത്തോങ്കരയിൽ പൂനലൂർ-മൂവാറ്റുപുഴ റോഡിൽ പാലത്തിനോടു ചേർന്ന ഭാഗത്തു കഴിഞ്ഞ കുറേ വർഷങ്ങളായി കനത്ത മഴ പെയ്താൽ റോഡിൽ വെള്ളം കയറുന്ന നിലയിൽ തോട് മാറിയിരിക്കുന്നു .മാമുക്ക് -പേട്ട പാലത്തോടു ചേർന്ന് ടൗണിലുണ്ടായിരുന്ന കുളിക്കടവ് തോട് കല്ലു കെട്ടിയതോട് ഇല്ലാതായി. ടൗൺ ഭാഗത്തുള്ള 4.85 ഏക്കർ തോട്ടുതീരം 1984ൽ സർക്കാർ ഉദ്യോഗസ്ഥർ അളന്നു തിരിച്ചിരുന്നു. അങ്ങാടി ഗ്രാമപഞ്ചായത്ത് രേഖകളിൽ സർക്കാർ വസ്തുവായി ഉൾപ്പെടുത്തുകയും സ്കെച്ചും പ്ലാനും തയാറാക്കുകയും ചെയ്തെങ്കിലും മൂന്നു ദശാബ്ദത്തോളമായി നടപടികളുണ്ടാകാതെ കയ്യേറ്റങ്ങൾ തുടരുന്നതു നാടിനു ശാപമാകുന്നു.

44 വർഷം മുൻപു പുനരുജ്ജീവിപ്പിച്ച തോട് അപ്രത്യക്ഷമായ കഥയും റാന്നി ടൗണിനു പറയാനുണ്ട്. 1968ൽ റാന്നി ബ്ലോക്ക് ഡവലപ്മെന്റ് കമ്മിറ്റി തീരുമാനപ്രകാരം കരാർ നൽകി ശുചീകരിക്കുകയും ആഴം കൂട്ടുകയും ചെയ്ത് നീരൊഴുക്കു വർധിപ്പിച്ച പുനരുദ്ധാരണം നടത്തിയ ടൗണിലെ തോട് ഇന്ന് അസ്ഥിതപഞ്ജരം പോലെ അങ്ങിങ്ങു മാത്രം അവശേഷിക്കുന്നു. വലിയതോടിന്റെ ഒരു കൈവഴിക്കാണ് ഈ ദുർഗതി.

വലിയപറമ്പിൽ പടിയിൽ നിന്നു തുടങ്ങി ഇട്ടിയപ്പാറയിലെത്തി ആനത്തടം, പൂവത്തുകുന്ന് തുടങ്ങിയ ഉയർന്ന ഭാഗത്തുനിന്നുവരുന്ന തോടുകളുമായി ചേർന്ന് മുണ്ടകത്തിൽ പാടശേഖരത്തോടു ചേർന്നൊഴുകി കാവുങ്കൽപ്പടിയിലെത്തി വലിയതോട്ടിൽ പതിച്ചിരുന്ന തോടാണ് ഇല്ലാതായത്. കേവുവള്ളങ്ങൾ വരെ സഞ്ചരിച്ചിരുന്ന തോടാണിത്. വെള്ളക്കെട്ട് ഒഴിയാത്തതു മൂലം ടൗണിലെ കടകളിൽ വെള്ളം കയറുന്നതു പതിവായിരിക്കുന്നു.

മാലിന്യം ഇടുന്നതു മൂലം ജനം പൊറുതിമുട്ടി വലിയതോടിനെ ശപിക്കുന്ന നിലയിൽ എത്തിയിരിക്കുന്നു. പഴവങ്ങാടി ഗ്രാമപഞ്ചായത്ത് ശേഖരിക്കുന്ന മാലിന്യങ്ങൾ ബസ് സ്റ്റാൻഡിനോടു തൊട്ടുള്ള പാടത്തിൽ കുന്നുകൂടി തോട്ടിലേക്ക് ഒലിച്ചിറങ്ങുന്നു. പൊതുസ്ഥപാനങ്ങൾ ഉൾപ്പെടെയുള്ള തോടിന്റെ തീരത്തു മാലിന്യമെറിയുന്നതു ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്കു കാരണമാകുന്നു. റാന്നി ടൗണിന് ഐശ്വര്യവും അനുഗ്രഹവുമേകി വലിയതോട് ദുരിതവാഹിനിയായി ഒഴുകുന്നത് ഒഴിവാകാൻ ബന്ധപ്പെട്ടവരുടെ കണ്ണുകൾ തുറന്നിരുന്നെങ്കിൽ!!.

നദികൾ നാടിന്റെ ജീവനാഡികളും നദീതടങ്ങൾ സാംസ്കാരിക സിരാകേന്ദ്രങ്ങളുമാണ്. ദക്ഷിണഗംഗയും പുണ്യനദിയുമായ പമ്പ മദ്ധ്യതിരുവിതാംകൂറിന്റെയും വിശിഷ്യാ റാന്നിയുടേയും ജീവനാഡിയാണ്. പമ്പയാറിന്റെ ഇരുകരകളിലുമായി വളർന്ന് വികസിച്ചുവെന്നവകാശപ്പെടുന്ന മലനാടിന്റെ റാണിയായ റാന്നിക്ക് റ-കാരം പൂണ്ടൊഴുകി റാന്നിയെന്ന് പേര് നൽകിയത് പമ്പയാണ്. റ എന്ന അക്ഷരമാതൃകയിൽ റാന്നിയുടെ സിരാകേന്ദ്രത്തിലൂടെ അനുഗ്രഹവർഷിണിയായി പമ്പയിനിയും സ്വച്ഛന്ദമൊഴുകുമെന്ന് പറയുവാനാവില്ല.

റാന്നി വലിയപാലത്തിനോടു ചേർന്നുള്ള പെരുമ്പുഴ കടവിലെ നെട്ടായം ചരിത്രസ്മാരക പ്രദേശമായി സംരക്ഷിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം അവഗണിച്ചുകൊണ്ട് അനധികൃതമായ നടപടികൾ മൂലം വികൃതരൂപം പൂണ്ടിരിക്കുന്നു. അതിന്റെ തിക്തഫലങ്ങൾ സമൂഹം അനുഭവിക്കുകയും ചെയ്തുവരുന്നു.

നദിയെ പൊതുവായി ബാധിച്ചിരിക്കുന്ന പാരിസ്ഥിതിക തകർച്ചയുടെ ചൂണ്ടിക്കാണിക്കാവുന്ന ഉദാഹരണമാണ് ഈ പ്രദേശം. ഈ ദുരന്തഭൂമി ദർശിച്ചാൽ ഹൃദയമുള്ളവർ നെഞ്ചു പിടഞ്ഞ് വിലപിക്കും തീർച്ച. വേനലിൽ കാഴ്ച അതിദാരുണമാണ്. അതിശ്രേഷ്ഠമായ സംസ്കാരത്തിന്റെ സിരാകേന്ദ്രവും മതസൗഹാർദ്ദത്തിന്റെ ഈറ്റില്ലവുമായ ഈ നദീതീരത്താണ് ദ്രാവിഡ-ബുദ്ധ സംസ്കാരങ്ങൾ നിലനിന്നിരുന്നത്. പന്തളം രാജാക്കാരുടെ സാമന്താരായ കോട്ടയിൽ കർത്താക്കാരുടെ ആസ്ഥാനവും കോട്ടയും റാന്നി പാലത്തോടു ചേർന്ന് നദിയുടെ തെക്കേ കരയിലായിരുന്നു. എ.ഡി. 1742ൽ കോട്ടയിൽ കർത്താക്കാർ നൽകിയ നദിയുടെ വടക്കേകരയിലുള്ള സ്ഥലത്ത് റാന്നിയിലെ ആദ്യ ക്രൈസ്തവ ദേവാലയം റാന്നി സെന്റ് തോമസ് വലിയപള്ളി സ്ഥിതി ചെയ്യുന്നു. രാമപുരം ക്ഷേത്രം, ഭഗവതിക്കുന്ന ക്ഷേത്രം എന്നിവയും ഇവിടെ നദീതീരത്താണ്. മണവാരൽമൂലം തകർന്നുവീണ പഴയ പാലവും, പുതുതായി നിർമ്മിച്ച പാലവും, റാന്നി ടൗണിൽ ശുദ്ധജലം നൽകുന്ന അങ്ങാടി ശുദ്ധജല വിതരണ പദ്ധതിയുമൊക്കെ ഇവിടെയായതിനാൽ നദീസംരക്ഷണ നിയമം കർശനമായും പാലിക്കണമെന്ന സത്യം പലപ്പോഴും മറന്നിരിക്കുന്നു.

നദീതീരത്തേക്ക് റോഡുകൾ ഏറെയുള്ളതിനാൽ അനധികൃത മണൽക്കടത്ത് തടയാനാകുന്നില്ല. ജല അതോറിറ്റി നദീമദ്ധ്യത്തിൽ ഉപേക്ഷിച്ച കിണറുകൾ തകർന്ന് കിടക്കുന്നു. മൂന്ന് വർഷം മുമ്പ് നദീമദ്ധ്യത്തിലേക്ക് വടക്കേകരയിൽനിന്നും നിർമ്മിച്ച അശാസ്ത്രീയമായ കൽക്കെട്ട് പമ്പ് ഹൗസിനേയും റാന്നി അവിട്ടം ജലമേളയേയും പ്രതിസന്ധിയിലാക്കുന്നു. ഇപ്പോൾ വലിയതോട് നദിയിലേക്ക് ചേരുന്നിടത്ത് കെട്ടുന്ന തടയണ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും.

ചരിത്രസ്മാരകമായി റാന്നിയുടെ ഹൃദയഭാഗത്ത് അവശേഷിക്കുന്ന പഴയ പ്രതാപ സ്മരണയായ ബോട്ട് ജട്ടികൾ ഇവിടെയാണ്. റാന്നി ഹിന്ദുമത സമ്മേളനം നടക്കുന്നതും ഇവിടെ മണൽപ്പരപ്പിലാണ്. ക്നാനായ സുറിയാനി അതിഭദ്രാസനത്തിന്റെ റാന്നിയിലെ ആസ്ഥാനമന്ദിരമായ ഉറഹ ഇക്കൊല്ലമാണ് ഇവിടെ നദീതീരത്ത് സ്ഥാപിക്കപ്പെട്ടത്. എന്തുകൊണ്ടും ഇവിടം അതിമനോഹരമായി പരിരക്ഷിക്കപ്പെടണം.

നീരൊഴുക്ക് കുറഞ്ഞ പമ്പയിൽ മണൽ ചാക്ക് അടുക്കി വെള്ളം തിരിച്ചുവിട്ടിരിക്കുന്നതും ജലലഭ്യത കുറയുന്നതിനാൽ വിദൂരങ്ങളിൽനിന്നുപോലും അനവധിയാളുകൾ നനയ്ക്കുന്നതും കുളിക്കുന്നതുമായ കാഴ്ച...., വികൃതമാക്കപ്പെട്ട പമ്പയുടെ മടിത്തട്ട്..... ഏതൊരു പ്രകൃതിസ്നേഹിയും കരഞ്ഞുപോകും. പമ്പാനദിക്കീ ദുർഗതി വന്നല്ലോ.... ഇനി മോക്ഷമെന്ത് ? മന്സസുകൾ പ്രകൃതിയോടുചേർന്ന് മന്ത്രിക്കുവാൻ നമുക്ക് ഈശ്വര സവിധം പ്രാർത്ഥിക്കാം.

******

## ശില്പശാല - ആലപ്പുഴ 05-07-2012

**പ്രകൃതിയുടെ വെല്ലുവിളി ഏറ്റെടുക്കേണ്ടതിന്റെ ആവശ്യം സാധാരണ ജനങ്ങളിലെത്തിക്കണം.**

ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടെ പ്രകൃതിയുടെ വെല്ലുവിളികൾ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യം ശാസ്ത്ര സമൂഹത്തിൽ നിന്നും സാധാരണ ജനങ്ങളിലെത്തിക്കണമെന്ന് കേരള ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രൊഫ. വി. എൻ.രാജശേഖരൻ പിള്ള അഭിപ്രായപ്പെട്ടു.

പമ്പാ പരിരക്ഷണ സമിതിയും, സംസ്ഥാന പരിസ്ഥിതി വകുപ്പും ചേർന്ന് സംഘടിപ്പിച്ച നദീ-തടാക സംരക്ഷണ ശിൽപശാല ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നദീതടങ്ങൾ ഇന്ന് മാലിന്യത്തടങ്ങളാകുന്നു. അതിന്റെ മുഖ്യ കാരണം പരമ്പരാഗത കാർഷിക സംസ്കാരം നഷ്ടപ്പെടുന്നതാണ്. ഇത് നദീ തടങ്ങളെ മരണത്തിലേക്ക് നയിക്കുന്നു. പ്രകൃതിദത്തമായ പരമ്പരാഗത രീതികളെ എങ്ങനെ തിരികെ കൊണ്ടുവരാമെന്നതാകണം ആലോചിക്കേണ്ടത്. സുസ്ഥിര വികസനത്തിന് നമ്മുടെ കുളങ്ങളും നദികളും മലകളും സംരക്ഷിക്കപ്പെടണമെന്ന ചിന്തയാണ് അനിവാര്യം. ശാശ്വത വികസനം പാരമ്പര്യ രീതികളെ പിന്തുണച്ചും ഉൾക്കൊണ്ടും മാത്രമേ സാധ്യമാകൂ.

ആവശ്യത്തിന് വെള്ളമില്ലാത്ത ഈ നദികളെ സംയോജിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടകാര്യം പോലുമില്ലെന്നും അദ്ദേഹം പറഞ്ഞു.

നദികളുടേയും തടാകങ്ങളുടെയും സംരക്ഷണത്തിന് വേണ്ടി കേന്ദ്രം അനുവദിച്ച പല തുകയും യഥാസമയം വിനിയോഗിക്കാത്തതിനാൽ പുതിയ പദ്ധതികൾക്ക് വേണ്ടി കേന്ദ്രത്തെ സമീപിക്കാൻ കഴിയാത്ത അവസ്ഥയാണെന്ന് അധ്യക്ഷത വഹിച്ച മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ കെ.സജീവൻ പറഞ്ഞു.

പരിസ്ഥിതി ആഘാത പഠനം നടത്താതെ പല പദ്ധതികളും നടപ്പാക്കുന്നത് ദോഷം ചെയ്യുമെന്ന് സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ചെയർമാൻ ഡോ.ആർ.വി.വർമ്മ പറഞ്ഞു. കാസർകോട്, കണ്ണൂർ മേഖലകളിൽ തോടുകളുടെ സംരക്ഷണത്തിന്റെ പേരിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുമ്പോൾ ജൈവ വൈവിധ്യം നശിപ്പിക്കപ്പെടുന്നു.

കുട്ടനാട് വികസന സമിതി ഡയറക്ടർ ഫാ.തോമസ് പീലിയാനിക്കൽ ആമുഖ പ്രഭാഷണം നടത്തി. ഡോ.കെ.ജി പത്മകുമാർ മോഡറേറ്ററായിരുന്നു. സെസ് മുൻ ഡയറക്ടർ ഡോ.കെ. എം.നായർ, സംസ്ഥാന പരിസ്ഥിതി വകുപ്പിലെ ഡോ.ഷീല, ഡോ. ബിജോയ് നന്ദൻ, ഡോ.എ.ബിജുകുമാർ തുടങ്ങിയവർ ക്ലാസ് നയിച്ചു. പമ്പാ പരിരക്ഷണ സമിതി ജനറൽ സെക്രട്ടറി എൻ.കെ.സുകുമാരൻ നായർ, പ്രസ് ക്ലബ് സെക്രട്ടറി എം.എം.ഷംസുദ്ദീൻ, പ്രൊഫ. എം.വി.എസ്.നമ്പൂതിരി തുടങ്ങിയർ പ്രസംഗിച്ചു. സംസ്ഥാനത്തെ പ്രശസ്തരായ ശാസ്ത്രസങ്കേതിക വിദഗ്ധന്മാരും, പരിസ്ഥിതി പ്രവർത്തകരുമായി നൂറോളം പേർ ശില്പശാലയിൽ പങ്കെടുത്തു. ശില്പശാലയിൽ അംഗീകരിച്ച നിർദ്ദേശങ്ങൾ സർക്കാരിനു സമർപ്പിച്ചു. ശില്പശാലയിൽ അവതരിപ്പിച്ച പ്രബന്ധങ്ങളും നിർദ്ദേശങ്ങളും ചേർത്ത് Workshop proceeding പ്രസിദ്ധീകരിച്ചു.

**പമ്പാ കർമ്മപദ്ധതി (II)**
**പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കു പരിശീലനം**
**09-11-12 പൂവത്തൂർ പരിസ്ഥിതി വിജ്ഞാന കേന്ദ്രം**

2012 ഒക്ടോബർ 19-ാം തീയതി മാരാമൺ റിട്രീറ്റ് സെന്ററിൽ നടന്ന ശില്പശാലയുടെ പൊതുവികാരം കണക്കിലെടുത്ത് 25-11-12ൽ നടക്കുന്ന ശില്പശാലയിൽ ജില്ലയിലെ 30 പഞ്ചായത്തുകളിലും പമ്പാ ആക്ഷൻ പ്ലാനുമായി ബന്ധപ്പെട്ട പദ്ധതികൾ രൂപീകരിക്കണമെന്ന് നിർദ്ദേശമുണ്ടായി. അന്ന് ശ്രീ.റ്റി.കെ.എ. നായർ ശില്പശാലയിൽ പങ്കെടുക്കാമെന്നും തീരുമാനിച്ചു. പദ്ധതി രൂപീകരണത്തന്റെ മുന്നൊരുക്കമെന്ന നിലയിൽ പഞ്ചായത്തു പ്രസിഡന്റുമാരുടേയും സെക്രട്ടറിമാരുടേയും ഒരു ശില്പശാല നവംബർ 9 ന് പൂവത്തൂർ പരിസ്ഥിതി വിജ്ഞാന കേന്ദ്രത്തിൽ നടത്തപ്പെടുകയുണ്ടായി. പഞ്ചായത്ത് ജില്ലാ ഡപ്യൂട്ടി ഡയറക്ടർ ശ്രീ.എ.സെയ്തുവിന്റെ പ്രത്യേക നിർദ്ദേശാനുസരണം നടന്ന ശില്പശാലയിൽ 47 പേർ പങ്കെടുത്തു.

പമ്പാആക്ഷൻ പ്ലാൻ, ദേശീയ നദിസംരക്ഷണ പദ്ധതികൾ, പഞ്ചായത്ത് രാജ് ആക്ടിലേയും ഭരണഘടനയിലേക്കും ബന്ധപ്പെട്ട വകുപ്പുകൾ തുടങ്ങി ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പദ്ധതികൾ തയ്യാറാക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പമ്പാപരിക്ഷണ സമിതി ജനറൽ സെക്രട്ടറി എൻ.കെ.സുകുമാരൻ നായർ വിശദീകരിച്ചു. സമിതി വൈസ് പ്രസിഡന്റ് പ്രൊഫ. എം.വി.എസ്സ്. നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ നടന്ന ശില്പശാല ബ്ലോക്കു പഞ്ചായത്തു പ്രസിഡന്റ് അന്നപൂർണ്ണാദേവി ഉത്ഘാടനം ചെയ്തു. പഞ്ചായത്തു പ്രസിഡന്റുമാരോടൊപ്പം ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ഡോ.സജി ചാക്കോയും പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡന്റുമാരും, സെക്രട്ടറിമാരും സജീവമായി ചർച്ചകളിൽ പങ്കെടുത്തു.

**<u>ലോക നീർത്തടദിനം 2012 – ശില്പശാല</u>**
**<u>ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ</u>**

പ്രകൃതി വിഭവങ്ങൾ ഭാവിതലമുറക്കും കൂടി മാറ്റി വയ്ക്കുന്നതായിരിക്കണം വികസനം എന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ ചെയർമാൻ ഡോ.വർഗ്ഗീസ് ജോർജ്ജ്. ലോക നീർത്തടദിനാചരണത്തിന്റെ ഭാഗമായി പമ്പാ പരിരക്ഷണ സമിതിയുടെ ആഭിമുഖ്യ ത്തിൽ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ നടന്ന ശില്പശാല ഉത്ഘാടനം ചെയ്തുകൊണ്ടു പ്രസംഗിക്കുകയായിരുന്നു. അദ്ദേഹം കേരളത്തിൽ കായലുകൾ, പുഴകൾ, തുടങ്ങിയ ജലസ്രോതസ്സുകളെല്ലാം പാരിസ്ഥിതികമായി തകർത്തിരിക്കുന്നു. സാമൂഹ വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന നീർത്തടങ്ങൾ സംരക്ഷിക്കുന്നതിന് പൊതുസമൂഹം ഒന്നിച്ചു പ്രവർത്തിക്കുന്ന ജനകീയ പ്രസ്ഥാനങ്ങൾ വളർന്നു വരണം.

പ്രിൻസിപ്പൽ ഡോ.ജേക്കബ് ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉത്ഘാടന സമ്മേളനത്തിൽ പ്രൊഫ.എം.വി.എസ്സ്. നമ്പൂതിരി, പി.എം.മാധവൻകുട്ടി നായർ, ഡോ.ജോൺസൺ ബേബി, പ്രൊഫ. പ്രീതി കരാണവർ, പ്രൊഫ. തോമസ്സ് അലക്സ് എന്നിവർ പ്രസംഗിച്ചു.

പമ്പാ പരിരക്ഷണ സമിതി ജനറൽ സെക്രട്ടറി എൻ. കെ.സുകുമാരൻ നായർ (വേമ്പനാട്ടു ജല വ്യവസ്ഥ) ഡോ. എൻ. ഉണ്ണികൃഷ്ണൻ (വേമ്പനാട്ടു ജൈവവൈവിധ്യവും, അധിനിവേശ സസ്യങ്ങളുടെ ഭീഷണിയും) ഡോ.സൂസൻ ഏബ്രഹാം (നീർത്തടങ്ങളുടെ സാമ്പത്തിക പ്രാധാന്യം) എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു. ഡോ.വർഗ്ഗീസ് മാത്യു മോഡറേറ്ററായിരുന്നു. ഡോ.കെ.എൻ. പി.കുറുപ്പ്, രഞ്ജൻ മാത്യു (W.W.F. ഡയറക്ടർ) കെ.ആർ.വിനയചന്ദ്രൻ നായർ, മാത്യൂസ് കൂടാരത്തിൽ എന്നിവർ ചർച്ചകളിൽ പങ്കെടുത്തു. കേളേജ് സുവോളജി വകുപ്പിന്റേയും, സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റേയും, ആഭിമുഖ്യത്തിലാണ് ശില്പശാല സംഘടിപ്പിച്ചത്.

## <u>നിവേദനം</u>

**പമ്പാ നദിയുടെ പുനരുജ്ജീവനം – സംസ്ഥാന സർക്കാരിനും, സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിനും നൽകിയ നിവേദനം.**

കേരളത്തിലെ 'പുണ്യനദി' യെന്നു പ്രകീർത്തിക്കുന്ന പമ്പാനദി വിവിധ കാരണങ്ങളാൽ പാരിസ്ഥിതികമായി തകർന്ന് ഇല്ലാതായിക്കൊണ്ടിരിക്കുന്നു. പമ്പാ നദിയുടെ വൃഷ്ടി പ്രദേശത്തുണ്ടായിരുന്ന സസ്യാവരണം വളരെയേറെ ശോഷിച്ചു. നദിയിലുണ്ടായിരുന്ന നിബിഡമായ മണൽ ശേഖരം പൂർണ്ണമായി നീക്കം ചെയ്യപ്പെട്ടു. കൈവഴികളെല്ലാം വറ്റി വരണ്ടു. പുഴ മത്സ്യങ്ങളും പുഴയോര സസ്യങ്ങളും വംശനാശഭീഷണി നേരിടുന്നു. ഈ നദി പുനർജ്ജീവിപ്പിക്കുന്നില്ലെങ്കിൽ ഈ നാട്ടിൽ മനുഷ്യ സംസ്കാരം തന്നെ ഇല്ലാതായേക്കുമെന്നാണ് ഞങ്ങളുടെ ആശങ്ക.

കേരളത്തിലെ 44 നദികളിൽ ലോകമെമ്പാടും അറിയപ്പെടുന്നത് പമ്പാ നദിയാണ്. പമ്പാ നദിയുടെ സംരക്ഷണാർത്ഥം നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട പദ്ധതികളൊക്കെയും സംസ്ഥാന സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളുടെ ആനാസ്ഥകാരണം, നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇത്തരുണത്തിൽ സംസ്ഥാന ഗവൺമെന്റ് പമ്പാ നദിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങളിൽ ശാസ്ത്രീയവും പ്രായോഗികവുമായ പ്രവർത്തനങ്ങൾക്ക് വേണ്ട നടപടികളെടുക്കണമെന്ന് അപേക്ഷിക്കുന്നു.

സംസ്ഥാന സർക്കാരിന്റെ പരിഗണനയ്ക്കായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. യാതൊരു ശാസ്ത്രീയ പഠനവും കൂടാതെ നദിയിലുടനീളം നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തടയപ്പെടണം.
2. മണ്ണും വെള്ളവും സംരക്ഷിക്കുന്ന ജൈവസമ്പന്നമായ തീരം ഉണ്ടാക്കത്തക്കവിധത്തിൽ ഒരു ഗ്രീൻ ബൽറ്റ്/ എക്കോ
ടോൺ - (പരിസ്ഥിതി സംരക്ഷണ മേഖല) ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടാകണം.

3. നദികളിൽ നിന്നുള്ള മണൽഖനനം പൂർണ്ണമായി ഏതാനും വർഷത്തേയ്ക്ക് നിരോധിക്കണം.

4. ആറ്റുമണൽ കുറച്ചു കൊണ്ടുള്ള ഒരു നിർമ്മാണ സമ്പ്രദായം കേരളത്തിൽ വികസിപ്പിക്കുന്നതിന് ഗവേഷണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തണം.

5. നദികളിലുടനീളം ചെറിയ തടയണകളുടെ ശൃംഖലകൾ (Chain of small check dams) സൃഷ്ടിച്ച് നദിയുടെ അടിത്തട്ട് ക്രമാനുഗതമായി ഉയർത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉണ്ടാകണം.

6. പമ്പാനദിയുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിനും പമ്പാനദിയുടെ കൈവഴികൾ പുനരുജ്ജീവിക്കേണ്ടത് അനിവാര്യമാണ്. ആദ്യപടിയായി പമ്പാനദിയിലേക്ക് എത്തിച്ചേരുന്ന കൈവഴികളുടെ നിലവിലുള്ള അവസ്ഥയെക്കുറിച്ചും പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ചും പഠിക്കുന്നതിന് ഒരുവസ്തുതാന്വേഷണ റിപ്പോർട്ട് തയ്യാറാക്കണം.

7. പമ്പാനദിയെക്കുറിച്ച് വിവിധ ഗവേഷണ സ്ഥാപനങ്ങളും സർവ്വകലാശാലകളും ധാരാളം ഗവേഷണങ്ങൾ നടത്തുന്നുണ്ടെങ്കിലും ഇവയൊന്നും പമ്പയുടെ രക്ഷയ്ക്കെത്തുന്നില്ല. സമാനമായ ഗവേഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച നദിയുടെ സംരക്ഷണത്തിന് സഹായിക്കുന്ന ശുപാർശകൾ ഉണ്ടാകണം.

പമ്പനദിയ്ക്കുവേണ്ടി ഒരു 'മാതൃകാ സംരക്ഷണ പരിപാടി' രൂപീകരിച്ച് നടപ്പിലാക്കുന്നതിന് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും, സംസ്ഥാന സർക്കാരും മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

എന്ന് സ്നേഹാദരപൂർവ്വം

പൂവത്തൂർ എൻ.കെ.സുകുമാരൻ നായർ

ജനറൽ സെക്രട്ടറി

**പഠനക്ലാസ്സ് - പൂവത്തൂർ പരിസ്ഥിതി വിജ്ഞാന കേന്ദ്രം 11-03-12**

**പമ്പാ - അച്ചൻകോവിൽ വൈപ്പാർ ലിങ്ക് കനാൽ പദ്ധതി**

2012 ഫെബ്രുവരി 27ന് ബഹു.സുപ്രീംകോടതി ദേശീയ നദി ബന്ധിപ്പിക്കൽ നടപ്പിലാക്കുന്നതിനാവശ്യമായ സത്വര നടപടികളെടുക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനു നിർദ്ദേശം നൽകുകയുണ്ടായി. പമ്പാ-വൈപ്പാർ പദ്ധതിയും, പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ വരുന്നതാകയാൽ ഈ പദ്ധതിക്കെതിരെ പമ്പാ പരിരക്ഷണ സമിതി ശക്തമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. അതിന്റെ ഭാഗമായി 2002 മാർച്ച് 11ന് പൂവത്തൂർ പരിസ്ഥിതി വിജ്ഞാന കേന്ദ്രത്തിൽ പഠനക്ലാസ്സ് സംഘടിപ്പിച്ചു. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് 36 പേർ പഠനക്ലാസ്സിൽ പങ്കെടുത്തു.

**പരിസ്ഥിതിദിനാചരണം - 2012**

പത്തനംതിട്ട പ്രസ്സ് ക്ലബ്ബുമായി സഹകരിച്ച് 2012 ജൂൺ 4-ാം തീയതി പമ്പാ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പ്രൊജക്റ്റിന്റെ പരിസ്ഥിതി നിയമ പ്രശ്നങ്ങളെ സംബന്ധിച്ച് ഒരു ചർച്ച പ്രസ്സ് ക്ലബ്ബ് ഹാളിൽ നടന്നു. ജനറൽ സെക്രട്ടറി എൻ.കെ. സുകുമാരൻ നായർ മുഖ്യ പ്രബന്ധം അവതരിപ്പിച്ചു. അഡ്വ. പീലിപ്പോസ് തോമസ്, അഡ്വ.ഓമല്ലൂർ ശങ്കരൻ, പി.പ്രസാദ് എന്നിവർ ചർച്ചകളിൽ പങ്കെടുത്ത് സംസാരിച്ചു. പ്രസ് ക്ലബ്ബ് ഭാരവാഹികളായ സിജു ജോർജ്ജ്, ബിജു കുര്യൻ, വിനോദ് ഇളകൊള്ളൂർ എന്നിവർ പ്രസംഗിച്ചു.

**2012 ൽ പമ്പാ പരിരക്ഷണ സമിതി - ജനറൽ സെക്രട്ടറി പങ്കെടുത്ത / സംഘടിപ്പിച്ച പ്രധാന പരിപാടികൾ**

13.1.12 - തിരുവല്ല ഡയറ്റിന്റെ ആഭിമുഖ്യത്തിൽ നദികളെക്കുറിച്ചുള്ള ഡോക്യുമെന്ററി വിദ്യാർത്ഥികളുമായി അഭിമുഖം

ഉച്ചയ്ക്ക് - തെള്ളിയൂർ കെ.വി.കെ. മുകുളം സമ്മാനദാനപരിപാടിയിൽ പങ്കെടുത്തു.

15.1.12 - പമ്പാ ദർശനം പരിപാടിയുടെ ഭാഗമായി മണിമലയാറ് സന്ദർശിച്ചു - മല്ലപ്പള്ളി.

20.1.12 - ചെങ്ങന്നൂർ പുഷ്പമേളയോടനുബന്ധിച്ച് പരിസ്ഥിതി സെമിനാർ മുഖ്യപ്രബന്ധം അവതരിപ്പിച്ചു.

സംസ്ഥാന മന്ത്രി പി.കെ.ജയലക്ഷ്മി, പി.സി. വിഷ്ണുനാഥ് എം.എൽ.എ. തുടങ്ങിയ പ്രമുഖർ പങ്കെടുത്തു.

26.1.12 - പമ്പാ എക്കോ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ റിപ്പബ്ളിക്ക് ദിന സൈക്കിൾ റാലി.

02.2.12 - ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജിൽ 'ലോക നീർത്തട' സെമിനാർ.

06.2.12 - തിരുവല്ല ഡയറ്റ് 'നദികൾക്കൊപ്പം' സി.ഡി.പ്രകാശനം.

08.2.12 - W.W.F ന്റെ ആഭിമുഖ്യത്തിൽ International Wet land day കോട്ടയം.

11.2.12 - NEAC - 2011-12 സെമിനാർ Forest and Water ERC Poovathoor.

21.2.12 - Assembly Complex Trivandrum Aranmula Air Port പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് നിയമസഭാ പരിസ്ഥിതി കമ്മറ്റിയുടെ തെളിവെടുപ്പ്. ആറന്മുള പൈതൃക സംരക്ഷണ കർമ്മസമിതി നേതാക്കളും പങ്കെടുത്തു.

23.2.12 - പത്തനംതിട്ട പ്രസ്സ് ക്ലബ്ബിൽ ജൈവവൈവിദ്ധ്യ സംരക്ഷണ സെമിനാറിൽ പങ്കെടുത്തു.

29.2.12 - പത്തനംതിട്ട കളക്ട്രേറ്റിൽ നിയമസഭാ പരിസ്ഥിതി കമ്മിറ്റി ആറന്മുള വിമാനത്താവളത്തെ സംബന്ധിച്ചുള്ള തെളിവെടുപ്പിൽ സംബന്ധിച്ചു പ്രൊഫ. എം.വി. എസ്.നമ്പൂതിരിയും പങ്കെടുത്തു.

7.3.12 - തിരുവല്ല വൈ.എം.സി.എ ഹൃദയപൂർവ്വം എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ ദേശീയ നദീ ബന്ധിപ്പിക്കൽ പദ്ധതിയെക്കുറിച്ചുള്ള ചർച്ചയിൽ മുഖ്യ പ്രബന്ധം അവതരിപ്പിച്ചു.

10.3.12 - ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ ആറന്മുള വിമാനത്താവളം സെമിനാറിൽ പ്രാസംഗികനായിരുന്നു.

11.3.12 - പൂവത്തൂർ ഇ.ആർ.സി.യിൽ ദേശീയ നദീ ബന്ധിപ്പിക്കൽ പദ്ധതിയെക്കുറിച്ചുള്ള പഠനക്ലാസ്സ്. അഡ്വ. പീലിപ്പോസ് തോമസ്, മലയാള മനോരമ സീനിയർ സബ്ബ് എഡിറ്റർ വർഗ്ഗീസ് സി.തോമസ് തുടങ്ങി മുപ്പത്തിയാറുപേർ പങ്കെടുത്തു.

13.3.12 - പമ്പാ പരിരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ പത്തനംതിട്ട പ്രസ്സ് ക്ലബ്ബിൽ പത്രസമ്മേളനം.

15.3.12 - പൂവത്തൂർ സി.എം.എസ്.എൽ.പി.സ്കൂളിലെ വാർഷികം ആശംസ പ്രസംഗം.

17.3.12 - കോട്ടയം പ്രസ് ക്ലബ്ബ് ഹാളിൽ പ്രൊഫ. വാണിശ്ശേരി പരിസ്ഥിതി അവാർഡ് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പു മന്ത്രി ശ്രീ.കെ.സി. ജോസഫിൽ നിന്ന് ഏറ്റുവാങ്ങി. റവന്യൂ മന്ത്രി ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ പോൾ മണലിൽ (മനോരമ), തേക്കുംകാട് ജോസഫ് (ഡയറക്ടർ, പ്രസ്സ് ക്ലബ്ബ്) പ്രൊഫ. മാത്യു വാണിശ്ശേരി തുടങ്ങിയവർ പങ്കെടുത്തു.

18.3.12 - പൂവത്തൂർ വൈ.എം.എ വായനശാല ഹാളിൽ സ്വകരണ സമ്മേളനം ബ്ലോക്ക് പ്രസിഡന്റ് ശ്രീമതി അന്നപൂർണ്ണാദേവി, പഞ്ചായത്തു പ്രസിഡന്റ് നിർമ്മല മാത്യൂസ്, ഗ്രന്ഥശാല സംഘം തിരുവല്ല

താലൂക്ക് യൂണിയൻ പ്രസിഡന്റ് അഡ്വ.പി.എസ്.മുരളീധരൻ നായർ, സെക്രട്ടറി, റ്റി.കെ. പുരുഷോത്തമൻ നായർ, പ്രൊഫ. എം.എം.തോമസ് തുടങ്ങിയവർ പങ്കെടുത്തു.

19.3.12 - തിരുവനന്തപുരം ഗവ.സെക്രട്ടേറിയേറ്റിൽ ബഹു.മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടിയുടെ സാന്നിദ്ധ്യത്തിൽ പമ്പാ ആക്ഷൻ പ്ലാനിനെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്തു. ജലവിഭവ വകുപ്പു മന്ത്രി ശ്രീ.പി.ജെ.ജോസഫ്, ദേവസ്വം മന്ത്രി ശിവകുമാർ, ചീഫ് സെക്രട്ടറി ശ്രീ.കെ.ജയകുമാർ, വകുപ്പുതല അദ്ധ്യക്ഷൻമാർ, ജില്ലയിലെ ജനപ്രതിനിധികൾ പങ്കെടുത്തു.

24.3.12 - പന്തളം എൻ.എസ്.എസ്. കോളേജ് സുവോളജി ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ എൻവയോൺമെന്റ് ആൻഡ് കൺസർവേഷൻ സെമിനാറിൽ പമ്പ-അച്ചൻകോവിൽ - വൈപ്പാർ ലിങ്കു കനാൽ പദ്ധതിയെക്കുറിച്ച് പ്രബന്ധം അവതരിപ്പിച്ചു.

27.3.12- 10.00 a.m.ആറന്മുള സുദർശനം സെൻട്രൽ സ്കൂളിൽ പരിസ്ഥിതി ക്ലാസ്സ് വിഷയം : കാലാവസ്ഥാവ്യതിയാനം

3.30 a.m. പത്തനംതിട്ട കളക്ട്രേറ്റിൽ ജില്ലാ വിദഗ്ധ സമിതിയുടെ ആദ്യയോഗം.

30.3.12 - കുട്ടനാട് വികസന സമിതി എക്സി. ഡയറക്ടർ ഫാ. തോമസ് പീലിയാനിക്കലുമായി ചർച്ച നടത്തി.

7.4.12 -ശാസ്താംകോട്ട പരിസ്ഥിതി സംരക്ഷണ ഏകോപന സമിതി കൊല്ലം ജില്ലാ പ്രവർത്തക യോഗം. പമ്പ അച്ചൻകോവിൽ - വൈപ്പാർ പദ്ധതി സംബന്ധിച്ചുള്ള സെമിനാറിൽ പ്രബന്ധം അവതരിപ്പിച്ചു.

10.4.12-കോട്ടയം എം.ജി.യൂണിവേഴ്സിറ്റിയിൽ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് ആൻഡ് സസ്റ്റെയിനബിൾ ഡവലപ്മെന്റിന്റെ ആഭിമുഖ്യത്തിൽ പമ്പ-അച്ചൻകോവിൽ - വൈപ്പാർ പദ്ധതിയെ സംബന്ധിച്ച ചർച്ച.

23.4.12 - പത്തനംതിട്ട കളക്ട്രേറ്റിൽ ശബരിമല - പമ്പ സംരക്ഷണം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുമായി ചർച്ച.

25.4.12 - ആറന്മുള വിമാനത്താവളം പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ പരിസ്ഥിതി വകുപ്പ് ഡയറക്ടർ പി.ശ്രീകണ്ഠൻ നായരുടെ സന്ദർശനം - ആറന്മുളയിൽ വച്ച് നിവേദനം സമർപ്പിക്കുകയും ചർച്ചചെയ്യുകയും ചെയ്തു.ശബരിമല മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉന്നതതല യോഗം കളക്ട്രേറ്റിൽ. ജനറൽ സെക്രട്ടറിയും വൈസ് പ്രസിഡന്റ് പ്രൊഫ. എം.വി.എസ്. നമ്പൂതിരിയും സംബന്ധിച്ചു.

12.5.12-കുമളി - കേരള സ്റ്റേറ്റ് ടീച്ചേഴ്സ് യൂണിയന്റെ പഠന ക്യാമ്പിൽ പരിസ്ഥിതി ക്ലാസ്.

14.5.12-മാന്നാർ സീനിയർ സിറ്റിസൺന്റെ ആഭിമുഖ്യത്തിൽ ഓപ്പൺ ഫോറം. ജല സംരക്ഷണം എന്ന വിഷയത്തിൽ ചർച്ച നയിച്ചു.

15.5.12-പത്തനംതിട്ട ജില്ലാ കളക്ടറുമായി മണൽവാരലുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധിയെ കുറിച്ച് ചർച്ച നടത്തി.

16.5.12-തിരുവനന്തപുരം നന്തൻകോട് വൈലോപ്പിള്ളി സംസ്കൃത ഭവൻ കേന്ദ്ര ജലനയത്തെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്തു.

2.5.12-പത്തനംതിട്ട ജില്ലാ കളക്ടർ ശ്രീ.പി.വേണുഗോപാൽ ഐ.എ.എസ് പൂവത്തൂർ ഇ.ആർസി. സന്ദർശിച്ചു. സമിതി ഭാരവാഹികളുമായി വിവിധ വിഷയങ്ങൾ ചർച്ചചെയ്തു.

27.5.12-വാണിശ്ശേരി അവാർഡ് ലഭിച്ചതിൽ എനർജി കൺസർവേഷൻ സൊസൈറ്റിയുടെ അനുമോദനം എറണാകുളത്ത് സൊസൈറ്റി വാർഷിക ജനറൽ ബോഡിയിൽ വച്ച്.

28.5.12-എൻ.ഇ.എ.സി. 2012-13 പ്രീ പ്രൊജക്ട് ഡിസ്കഷൻ കോട്ടയം പബ്ളിക് ലൈബ്രറി ഹാൾ.

4.6.12-പ്രസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പമ്പ-അച്ചൻകോവിൽ വൈപ്പാർ പദ്ധതി സംബന്ധിച്ച ചർച്ച. അഡ്വ. പീലിപ്പോസ് തോമസ്, അഡ്വ. ഓമല്ലൂർ ശങ്കരൻ, പി.പ്രസാദ് എന്നിവർ സംസാരിച്ചു. മുഖ്യ പ്രബന്ധം അവതരിപ്പിച്ചു.

5.6.12-പരിസ്ഥിതി ദിനം രാവിലെ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ് എൻ.എസ്.എസ്. യൂണിറ്റും എക്കണോമിസ് വിഭാഗവും ചേർന്നു നടത്തിയ സെമിനാറിൽ "നദികളിൽ നിന്നും ഉള്ള മണൽഖനനത്തിന്റെ സാമ്പത്തികം" എന്ന വിഷയത്തെ സംബന്ധിച്ച് പ്രബന്ധം അവതരിപ്പിക്കുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ഉച്ചയ്ക്ക് തിരുവല്ല വൈ.എം.സി.എ മേഖലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിലുള്ള പരിസ്ഥിതിദിനാചരണം - വൃക്ഷ തൈ നട്ടും.

7.6.12-പേഴും പാറ എസ്.എൻ.ഡി.പി.യോഗം സ്കൂൾ മണിയാർ യൂണിയൻ കാർബറണ്ടം കമ്പിനിയുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനാചരണം.

8.6.12-പത്തനംതിട്ട കളക്ടറേറ്റ് - 'ശബരിമല സീറോ വേസ്റ്റ്' പരിപാടിയുടെ അവലോകനയോഗത്തിൽ പങ്കെടുത്തു.

9.6.12-തിരുവല്ല താലൂക്ക് യൂണിയൻ ഗ്രന്ഥശാല സംഘത്തിന്റെ ആഭിമുഖ്യത്തിൽ അനുമോദന യോഗം.

10.6.12-പമ്പാ ദർശനം കുട്ടംപേരൂർ ആറ് പഠന പര്യടനം ഡോ. വർഗ്ഗീസ് മാത്യു, ശ്രീ.പി.എം. മാധവൻകുട്ടി നായർ, ചെന്നിത്തല പള്ളിയോടസേവാ സമിതി ഭാരവാഹികൾ, മാന്നാർ പത്രപ്രവർത്തകർ എന്നിവർ പഠന പര്യടനത്തിൽ പങ്കെടുത്തു.

11.6.12-പെരിയാർ പഠന പര്യടനം - ആലുവ മണൽപുറം, ചൊവ്വര എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് ഫോട്ടോകൾ എടുത്തു. സി.എ.വിജയചന്ദ്രൻ കൂടെ ഉണ്ടായിരുന്നു.

12.6.12-ഡെപ്യൂട്ടി കളക്ടർ (L & R) ശ്രീ.ശശിധരൻ നായർ പരിസ്ഥിതി വിജ്ഞാനകേന്ദ്രം സന്ദർശിച്ചു. പമ്പാ നദിയുടെ ആറാട്ടുപുഴ മുതൽ കോഴഞ്ചേരി വരെയുള്ള ഭാഗങ്ങൾ സന്ദർശിച്ചു.

14.6.12-രാമങ്കരിയിൽ കുട്ടനാട് വികസന സമിതിയുടെ എക്സി. ഡയറക്ടറുമായി ചർച്ച.

29.6.12-ആലപ്പുഴ എസ്.ഡി.കോളജ് സുവോളജി ബോട്ടണി വകുപ്പുകളുടെ ആഭിമുഖ്യത്തിൽ സെമിനാർ 'വേമ്പനാട് വെറ്റ്ലാൻഡ് സിസ്റ്റം' എന്ന വിഷയം.

2.7.12-ആലപ്പുഴ പ്രസ്സ് ക്ലബ്ബിൽ പത്ര സമ്മേളനം

5.7.12-ആലപ്പുഴ റോയൽ പാർക്ക് നദികളുടേയും കായലുകളുടേയും സംരക്ഷണം ശില്പശാല.

7.7.12-കോട്ടയം ഉയിര് ന്റെ ആഭിമുഖ്യത്തിൽ മുല്ലപ്പെരിയാർ ബദൽ നിർദ്ദേശങ്ങൾ എന്ന വിഷയത്തിൽ സെമിനാർ.

13.7.12-കേരള യൂണിവേഴ്സിറ്റി അക്വാറ്റിക് ബയോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'വേമ്പനാട്ട് വെറ്റ്ലാൻഡ് സിസ്റ്റം' ഇൻവൈറ്റഡ് ടോക്ക്.

18.7.12-കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങളുടെ പരിശോധന. ഡോ.കെ.എം.നായർ, ഡോ.വി.എൻ.ശിവശങ്കരപിള്ള, ഡോ.എൻ.ഉണ്ണികൃഷ്ണൻ, ഫാ.തോമസ് പീലിയാനിക്കൽ എൻവയോൺമെന്റ് എൻജിനീയർ ശ്രീ. അലക്സാണ്ടർ എന്നിവർ സംഘത്തിലുണ്ടായിരുന്നു.

19.7.12-ശബരിമല - പമ്പ സന്ദർശനം മാലിന്യങ്ങളിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള പഠന പരിപാടി നിർമ്മൽ ബയോജൻ ടെക്നോളജി മാനേജിങ് ഡയറക്ടർ ശ്രീ.വി.ആർ. രാജേന്ദ്രൻ.

20.7.12-എടത്വ കോളജ് - ഭൂമിമിത്രസേന ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 'വേമ്പനാട് വെറ്റ്ലാൻഡ് സിസ്റ്റം' എന്ന വിഷയത്തിൽ സെമിനാർ.

24.7.12-കുട്ടനാട് വികസന സമിതിയുടെ ആഭിമുഖ്യത്തിൽ കർഷക

പ്രതിഷേധ കൂട്ടായ്മ മാമ്പഴക്കരി കുട്ടനാട് വികസന സമിതിയുടെ ആഫീസിൽ നടന്ന ചർച്ചയിൽ പങ്കെടുത്തു.

26.7.12 - മുഖ്യമന്ത്രിയുടെ ആഫീസിൽ ശബരിമല സീറോ വേസ്റ്റ് മാനേജ്മെന്റ് സംബന്ധമായി നിവേദനം നൽകി.

28.7.12 - കൊല്ലം പ്രസ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ സെമിനാർ.ദേശീയ നദി ബന്ധിപ്പക്കൽ പദ്ധതിയെ സംബന്ധിച്ച് പ്രബന്ധമവതരിപ്പിച്ചു.

25.8.12 - കെ.എഫ്.സി.പത്തനംതിട്ട ബ്രാഞ്ചിൽ ഓണാഘോഷം പരിസ്ഥിതി ക്ലാസ്.

1.9.12 - ചെന്നിത്തല പള്ളിയോടത്തിന്റെ ആറന്മുള യാത്രയുമായി ബന്ധപ്പെട്ട യോഗത്തിൽ പങ്കെടുത്തു. ശ്രീ.രമേശ് ചെന്നിത്തല, പി.സി. വിഷ്ണുനാഥ എം.എൽ.എ എന്നിവർ പ്രസംഗിച്ചു.

06.09.12 - തിരുവനന്തപുരം ബയോഡൈവേഴ്സിറ്റി ബോർഡിൽ പമ്പാ ആക്ഷൻ പ്ലാൻ, കുട്ടനാട് പാക്കേജ് എന്നിവയുടെ ചർച്ച, ചെയർമാൻ ഡോ.ഉമ്മൻ വി.ഉമ്മൻ മെമ്പർ സെക്രട്ടറി ഡോ.കെ.പി. ലാലാദാസ് എന്നിവർ സന്നിഹിതരായിരുന്നു.

14.09.12 - മോസ്റ്റ് റവ. ഫാദർ ഡോ.പീലിപ്പോസ് ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തയുമായി പമ്പയുടെ സംരക്ഷണം എന്ന വിഷയത്തിൽ ചർച്ച.

22.09.12 - ദേശീയ സൈക്കിൾ ദിനം എനർജി കൺസർവേഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കോഴഞ്ചേരി ഗവ.ഹൈസ്ക്കൂളിൽ സെമിനാറും സമ്മാനദാനവും.

25.09.12 - ചേർത്തല എസ്.എൽ.പുരം ഗാന്ധി സ്മാരക ഗ്രാമസേവ കേന്ദ്രത്തൽ മനുഷ്യാവകാശവും വിനോദസഞ്ചാരവും എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ പരിസ്ഥിതിയും വിനോദ സഞ്ചാരവും എന്ന വിഷയത്തിൽ പ്രബന്ധമവതരിപ്പിച്ചു.

27.9.12 - ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജിൽ സുവോളജി വകുപ്പിന്റെ പ്രവർത്തന ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

28.9.12 - തിരുവനന്തപുരം ബയോഡൈവേഴ്സിറ്റി ബോർഡിൽ പമ്പാനദിയിലെ ജൈവവൈവിദ്ധ്യവുമായി ബന്ധപ്പെട്ട് അവർ തയ്യാറാക്കിയ പ്രൊജക്ടിനെക്കുറിച്ച് ചർച്ച.

29.9.12 - പത്തനംതിട്ട ജില്ലാകളക്ടറുമായി മണൽവാരൽ, ശബരിമല സാനിറ്റേഷൻ സൊസൈറ്റി, പമ്പ ആക്ഷൻ പ്ലാൻ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് വിശദമായ ചർച്ച പ്രൊഫ.ടി.എൻ.രാമകൃഷ്ണ കുറുപ്പ്, പ്രൊഫ. എം.വി. എസ്.നമ്പൂതിരി, കെ.ആർ വിനയചന്ദ്രൻ നായർ എന്നിവർ സംഘത്തിലുണ്ടായിരുന്നു.

03.10.12 - പന്തളം എൻ.എസ്.എസ്. കോളജ് മലയാളം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'പരിസ്ഥിതിയും സാഹിത്യവും' എന്ന വിഷയത്തിൽ ദ്വിദിനശില്പശാല ഉദ്ഘാടന സമ്മേളനത്തിൽ ആശംസപ്രസംഗം നടത്തി. ഉച്ചയ്ക്ക് ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ ഡോ.ഉമ്മൻ.വി.ഉമ്മൻ പരിസ്ഥിതി വിജ്ഞാന കേന്ദ്രം സന്ദർശിക്കുകയും ആറാട്ടുപുഴ പാലം മുതൽ വാഴക്കുന്നം നീർപ്പാലം വരെയുള്ള പമ്പയുടെ വിവിധഭാഗങ്ങളിൽ സമിതി ജനറൽ സെക്രട്ടറിയോടൊപ്പം സന്ദർശിച്ചു. പ്രൊഫ. ടി.എൻ.രാമകൃഷ്ണക്കുറുപ്പ്, കെ.ആർ.വിനയചന്ദ്രൻ നായർ എന്നിവരൊപ്പമുണ്ടായിരുന്നു.

05.10.12 - എറണാകുളത്ത് ഡോ.വി.എൻ.ശിവശങ്കരപ്പിള്ളയുടെ വീട്ടിൽ പമ്പാനദിയുടെ ജൈവവൈവിദ്ധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രൊജക്ടുകളെക്കുറിച്ച് ചർച്ചചെയ്തു.

18.10.12 - കോട്ടയം പബ്ലിക് ലൈബ്രറി ഹാൾ എൻ.ഇ.എ.സി.യുടെ ശില്പശാല.

19.10.12 - പമ്പാ പരിരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ പമ്പാനദിയിലെ ജൈവവൈവിദ്ധ്യ സംരക്ഷണം എന്ന വിഷയത്തിൽ ശില്പശാല. മാരാമൺ റിട്രീറ്റ് സെന്റർ.

27.10.12 - ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ നേർച്ച ക്ലബ്ബിന്റെയും ടൂറിസം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 'കാലാവസ്ഥാ വ്യതിയാനം' എന്ന സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തി.

30.10.12 - തിരുവനന്തപുരം വൈ.എം.സി.എ ഹാൾ ബയോഡൈവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ പമ്പ നദിയിലെ ജൈവവൈവിദ്ധ്യ സംരക്ഷണം സംബന്ധിച്ച് ശാസ്ത്രസാങ്കേതിക വിദഗ്ധൻമാരുമായി ചർച്ച.

3.11.12 - കൊടുമൺ അങ്ങാടിക്കൽ എസ്.എൻ.വി.എച്ച്.എസ്. എസ്.ൽ സോഷ്യൽ ഫോറസ്ട്രിയുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ക്ലാസ്.

05.11.12 - കിടങ്ങന്നൂർ എസ്.വി.ജി.വി.എച്ച്.എസ്.എസിൽ മാതൃഭൂമി സീഡിന്റെയും നേർച്ച ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ ജൈവവൈവിദ്ധ്യ സംരക്ഷണ സെമിനാർ ഷൈല.ജി.കെ.നായർ, ജൂലിക ആൻ മാത്യു, നിതിൻ ആർ, ശ്യാംകൃഷ്ണൻ, ജ്യോതിഷ് ബാബു എന്നിവർ പങ്കെടുത്തു.

07.11.12 - പത്തനംതിട്ട കളക്ട്രേറ്റിൽ ജില്ല വിദഗ്ധ സമിതി.

09.11.12 - പത്തനംതിട്ട ജില്ലയിലെ 30 പഞ്ചായത്തുകളിലെ പ്രസിഡന്റുമാരുടേയും സെക്രട്ടറിമാരുടേയും യോഗം പമ്പ ആക്ഷൻ പ്ലാൻ ചർച്ചചെയ്യുന്നതിന് ഇ.ആർ.സി. ൽ കൂടി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണ ദേവി, ജില്ല പഞ്ചായത്ത് അംഗം സണ്ണി ചാക്കോ തുടങ്ങി നാല്പത്തിയേഴു പേർ പങ്കെടുത്തു.

10.11.12 - എൻ.ഇ.എ.സി. 20 - 12 - 13 ബോധവൽക്കരണപരിപാടി ഇ.ആർ.സി.യിൽ.

25.11.12 - പമ്പാനദി സംരക്ഷണം ശില്പശാല - റിട്രീറ്റ് സെന്റർ

05.12.12 - കളക്ടറേറ്റിൽ പമ്പാനദി സംരക്ഷണം ചർച്ച പ്രൊഫ. ടി. എൻ.രാമകൃഷ്ണക്കുറുപ്പ്, പ്രൊഫ.എം.വി. എസ്.നമ്പൂതിരി, എൻ. കെ.സുകുമാരൻ നായർ, അഡ്വ. പി.കെ.ബാബു കൂടാതെ ബയോഡൈവേഴ്സിറ്റി ബോർഡ് മെമ്പർ സെക്രട്ടറി ഡോ.കെ.പി.ലാലാദാസ് ശുചിത്വ മിഷനിലെ ജില്ലാതല ഉദ്യോഗസ്ഥന്മാർ എന്നിവർ പങ്കെടുത്തു.

10.12.12. - ആലപ്പുഴ ജില്ലാ കളക്ടറുമായി ചർച്ച. പമ്പാ ആക്ഷൻ പ്ലാൻ, കുട്ടംപേരൂർ ആർ, ഇല്ലിമലത്തോട്, ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ മാലിന്യ പ്രശ്നങ്ങൾ.

14.12.12 - ഊർജ്ജ് സംരക്ഷണദിനം. പുനലൂർ സ്വയംവരഹാളിൽ ഊർജ്ജ സംരക്ഷണ സെമിനാർ പ്രബന്ധം അവതരിപ്പിച്ചു.

19.12.12 - കോട്ടയം അടിച്ചിറ ആമോസ് സെന്ററിൽ W.W.F ന്റെ ആഭിമുഖ്യത്തിലുള്ള ശില്പശാലയിൽ പങ്കെടുത്തു.

20.12.12 - പത്തനംതിട്ട കളക്ടറുടെ ക്യമ്പ് ആഫീസിൽ പമ്പാനദിയുമായി ബന്ധപ്പെട്ട ചർച്ചകൾ. അഡ്വ.പി.കെ.ബാബു കൂടെയുണ്ടായിരുന്നു.

21.12.12 - പമ്പാ ആക്ഷൻ പ്ലാൻ സംബന്ധിച്ച് ശ്രീ.റ്റി.കെ.എ.നായർ സാറിന്റെ സന്ദർശനത്തെക്കുറിച്ച് പ്രാഥമിക ചർച്ച ബോധിനി പ്രഭാകരൻ നായരും, വൈ.എം.സി.എ ഭാരവാഹികളും പങ്കെടുത്തു.

24.12.12 - കിടങ്ങന്നൂർ ഗവ.എൽ.പി.സ്കൂളിൽ ഇടയാറന്മുള എ. എം.എം.ഹയർസെക്കണ്ടറി സ്കൂൾ വാർഷിക ക്യാമ്പ് പരിസ്ഥിതി പഠന ക്ലാസ് നടത്തി.

26.12.12 - തിരുവനന്തപുരം കനകകുന്നു കൊട്ടാരത്തിൽ നാഷണൽ ബയോഡൈവേഴ്സിറ്റി കോൺഗ്രസ്സിനോടനു ബന്ധിച്ച് എൻ.ജി.ഒ - ബി.എം.സി.സംഗമത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ ആശംസാ പ്രസംഗം നടത്തി. സംസ്ഥാന മന്ത്രി ശ്ര.എം.കെ.മുനീർ ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ ഡോ.ഉമ്മൻ.വി.ഉമ്മൻ. മുൻ ചെയർമാൻ ഡോ.ആർ.വി.വർമ്മ, മെമ്പർ സെക്രട്ടറി ഡോ.ലാലാദാസ് എന്നിവരും പങ്കെടുത്തു. സംഗമത്തിൽ ആദ്യാവസാനം പങ്കെടുത്തു.

*Edited, printed and published by N.K. Sukumaran Nair, General Secretary on behalf of Pampa Parirakshana Samithy, Reg.No. P35/94, Environmental Resource Centre, Poovathoor P.O. - 689531.*